# കഥകൾ

രചന:
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
ഫോൺ: 9847649567,9744233997
NAKSHATHRARAJYAM E. RADHAKRISHNAN
Ph: 9847649567, 9744233997
E-mail:nakshathrarajyam@gmail.com
Web: www.nakshathrarajyameradhakrishnan.in
Address: P.B.No: 1205, Mankave P.O., Kozhikode 673 007
Kerala, India
House Address: Edoli House, Kommeri P.O., Kozhikode - 7
Kerala, India

# സമാഹാരം

# കഥകൾ

1. അഴിമുഖം
2. സൂര്യകിരണങ്ങൾ
3. മഞ്ഞുപാളികളിൽ നിഴലുകൾ പുകയുമ്പോൾ
4. സ്വദേശികളുടെ ചരമപത്രം കൂട്ടം തെറ്റിയവരുടേയും




നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

മെർലിൻ ..... മെർലിൻ. നീയെന്തെടുക്കുകയാണ് അവിടെ? ലുക്ക് മൈഡിയർ ഡോട്ടർ. യൂ ആർ എ ബേഡ് ഗേൾ. നീയെന്താണവനെക്കുറിച്ച് വിചാരിക്കുന്നത്? ഹീ ഈസ് എ ബേഡ്. തീർച്ചയായും അവനൊരു മോശമായ ബോയ്ഫ്രണ്ടാണ് നിനക്ക്. അവനെക്കുറിച്ച് അറിയാഞ്ഞിട്ടാണ് ആത്മാർത്ഥമായ പ്രേമം അവനോട് തോന്നിയത് നിനക്ക്. ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും നിനക്കവനോട് വെറുപ്പു തോന്നും. അത് എനിക്കുറപ്പുണ്ട്. ഇന്നലെ നീ ആദ്യമായി വീട്ടിൽ എത്തിയില്ല. വൈ? മെർലിൻ എന്താണ് നിനക്ക് സംഭവിക്കുന്നത്. എവിടെയായിരുന്നു രാത്രിയിൽ നീ?

മമ്മ ഇപ്പോഴും ശകാരിക്കുകയാണ്. മമ്മയുടെ ശബ്ദം അസഹനീയമായപ്പോൾ മെർലിൻ അഴിമുഖത്തേക്കുള്ള ജനൽപാളികൾ തുറന്നു ഓളങ്ങൾ അലയടിക്കുന്ന പുറംകടലിലേക്കും നോക്കിനിന്നു. നേരം പരപരാ വെളുത്തുവരുന്നതേയുള്ളു. മഞ്ഞുപാളികളിലൂടെ കടലിൽനിന്നുദിച്ചുവരുന്ന സൂര്യനെ കാണാൻ എന്തു ഭംഗി. കലങ്ങിമറിഞ്ഞ ആന്തരിക മനസ്സിലെ കുഞ്ഞോളങ്ങൾ ഹൃദയത്തിൽനിന്ന് ഇറങ്ങിവന്നു മെല്ലെ മന്ത്രിച്ചു. ഹൗ ഇറ്റ്സ് എ ബ്യൂട്ടിഫുൾ റൈസിങ്ങ് സൺ . കുറച്ചു നേരം അങ്ങിനെനിന്നപ്പോൾ അഴിമുഖത്തെ കൊച്ചോളങ്ങളുടെ ശബ്ദത്തിൽ ലയിച്ച് മമ്മയുടെ ശബ്ദവും മനസ്സിൽനിന്നകന്നകന്നു പോയി. ശാന്തതകൈവരിച്ച മനസ്സിപ്പോൾ മായികമായ ഒരു പ്രഭാവലയത്തിലാണ്.

സൂര്യൻ കടലിലെ കുഞ്ഞോളങ്ങൾക്ക് സ്വർണ്ണനിറം പൂശി ആകാശത്തിലേക്ക് മെല്ലെമെല്ലെ പിച്ചവെച്ചു ഉയരുവാൻ ശ്രമിക്കയാണ് ഇപ്പോഴും. കുറച്ചുനിമിഷങ്ങൽക്കകം വെള്ളത്തിൽ നീന്തം പഠിക്കുന്ന കുട്ടി കൈകാലിട്ടടിച്ചു ഉയർന്നു പൊങ്ങിനിൽക്കുന്നതു പോലെ സൂര്യൻ ആകാശത്തു വെട്ടിതിളങ്ങി നിൽക്കുന്നതുകാണാം. ഹോ എന്തൊരു പ്രതിഭാസമാണീ നോക്കെത്താ ദൂരത്തോളം പരന്നുകിടക്കുന്ന ആഴി. ചിലപ്പോൾ ശാന്തനും ചിലപ്പോൾ ക്രൂരനുമായി ഇവൻ എത്രപേരെ വിഴുങ്ങിക്കാണും. അഴിമുഖത്ത് വലവീശുന്ന കൊച്ചുവള്ളങ്ങളിലിരിക്കുന്ന മുക്കുവരുടെ ഇന്നലെ കുടിച്ച റമ്മിന്റെ കെട്ടുവിട്ടുമാറാത്ത പാട്ടിനുപോലും പ്രഭാതത്തിന്റെ നനുമയാർന്ന സൗന്ദര്യം നശിപ്പിക്കാനാകുമെന്ന് തോന്നിയ നിമിഷം മെർലിൻ ജനൽപാളികൾ വലിയ ശബ്ദത്തോടെ വലിച്ചടച്ചു.

പാവം മമ്മ. പുരുഷന്മാരെക്കുറിച്ച് പറയുന്നതുപോലും മമ്മക്ക് വെറുപ്പാണ്. പപ്പായെക്കുറിച്ച് എന്തെങ്കിലും മിണ്ടിയാൽ മമ്മ കലി തുള്ളും. എന്നാലും അഴിമുഖത്തെ കൊച്ചോളങ്ങളിൽപ്പെട്ട് ആടിയുലയുന്ന കെട്ടിയിട്ട പപ്പായുടെ പായ്‌വഞ്ചി നോക്കി മമ്മ അങ്ങിനെ നിൽക്കും. അപ്പോഴെല്ലാം ഗദകാലസ്മരണകളിൽ മമ്മയുടെ കണ്ണുകൾ നിറയുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. പപ്പയുടെ തുരുമ്പു നശിപ്പിച്ച പായ്‌വഞ്ചിപോലെ മമ്മയുടെ മനസ്സും ഓർമ്മകളിൽ പഴകി ദ്രവിക്കയാണിന്നും. വന്നുകൊണ്ടിരിക്കുന്ന ഓരോനാളുകളിലും മമ്മയുടെ മനസ്സിൽ അസ്തമയം നടക്കാത്ത ഒരു ശുഭപ്രതീക്ഷയുണ്ട്. പപ്പ വരുമെന്ന്. ഓരോ ദിവസവും കടലിൽ മുങ്ങിത്താഴുന്ന അസ്തമയസൂര്യൻ മമ്മയുടെ മനസ്സിൽ തഴുകിയുണർത്തുന്ന സ്വപ്നങ്ങളേയുംകൊണ്ട് കടലിൽ മുങ്ങി അന്ധകാരം പരത്തുകയാണ് മമ്മയുടെ മനസ്സിൽ. വെളുത്ത് കൊലുങ്ങനെയുള്ള സുന്ദരിയായ ചട്ടക്കാരി പെൺക്കുട്ടിക്ക് ഫ്രഞ്ചുകാരൻ ഗ്ലിപ്സൻ സായിപ്പ് കൊടുത്തുപോയ സമ്മാനം മെർലിൻ എന്ന താനും കൂടെ അനാഥത്വവും. കർത്താവെ മമ്മയുടെ മനസ്സിനെ വേദനിപ്പിക്കാതിരിക്കണമേ. മെർലിൻ പരിശുദ്ധ മാതാവിനെ മനസ്സിൽ ധ്യാനിച്ചു കുരിശുവരച്ചു പ്രാർത്ഥിച്ചു.

മമ്മയുടെ ഉച്ചത്തിലുള്ള ശകാരം കേട്ടപ്പോൾ മെർലിൻ അകത്തു നിന്ന് പുറത്തെ വരാന്തയിലേക്കവന്നു. നിനച്ചതുപോലെ തന്നെ ജാക്സനെ കണ്ടതുകൊണ്ടാണ് മമ്മ മുറ്റത്ത്നിന്ന് കലിതുള്ളുന്നത്. ഇനിയിപ്പോൾ അവരു തമ്മിലുള്ള ഒരു വഴ

ക്കിനുകൂടി രംഗമൊരുങ്ങുകയാണ്. വേണ്ടായിരുന്നു. ജാക്സൻ ഇപ്പോൾ ഇങ്ങോട്ടുവരേണ്ടിയിരുന്നില്ല.

ജാക്സൻ... ജാക്സൻ... യൂ ആർ എ ബേഡ്. മൈ ഡോട്ടർ ഈസ് ഇന്നസെന്റ്. പ്ലീസ്, പ്ലീസ് ജാക്സൻ എന്നെപ്പോലെ എന്റെ മകളേയും തെരുവാധാരമാക്കരുത്. അയാമെ സ്ട്രീറ്റ് ബിച്ച്... അയാമെ സ്ട്രീറ്റ് ബിച്ച്..., മമ്മയുടെ ശബ്ദത്തിൽ ദുഃഖത്തിന്റെ ആവരണംമൂടി ശബ്ദം നേർത്തു നേർത്തു വന്നു. മമ്മ നിന്നു കിതക്കുകയാണിപ്പോഴും.

ജാക്സന് ഒരു കുലുക്കവുമില്ല.



മമ്മ ആരൊടൊക്കെയോ ഉള്ള വെറുപ്പ് ശകാരത്തിലൂടെ ജാക്സനോട് തീർക്കുകയാണിപ്പോഴും

മമ്മ... മമ്മ... സ്നേഹത്തോടെയാണ് വരാന്തയിൽനിന്ന് മമ്മയെ വിളിച്ചത്.

പക്ഷേ, മമ്മയുടെ കലി അടങ്ങുന്നില്ല. താൻ മുറ്റത്തേക്ക് ഇറങ്ങിചെന്നില്ലെങ്കിൽ അന്തരീക്ഷം വഷളാകുമെന്നുറപ്പാണ്.

മെർലിൻ മുറ്റത്തേക്ക് വന്ന് മമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് സ്നേഹത്തോടെ പറഞ്ഞു.

മമ്മ... മമ്മ... പ്ലീസ് മമ്മ ഹീ ഈസ് എ ജന്റിൽമാൻ. മമ്മ വെറുതെ ഭയപ്പെടുകയാണവനെ. ഞങ്ങൾ ഇന്നലെ രാത്രിയിൽ ക്ലബ്ബിലായിരുന്നു. ആയിരുന്നു മമ്മ. മമ്മ ഭയപ്പെടുകയാണ്. ചുറ്റുമുള്ളവരും ബന്ധുക്കളും മമ്മയെ ക്രൂശിച്ചതുപോലെ എന്നേയും ക്രൂശിക്കുമെന്ന്?.

നെവർ മമ്മ... നെവർ. ഞാനതിനവസരം കൊടുത്തിട്ടു വേണ്ടെ? പ്ലീസ് മമ്മ ജാക്സനെ വെറുതെ വിട്ടേക്കൂ. ഹീ ഈസ് മൈൻ.

മമ്മയുടെ കഴുത്തിനെ ചുറ്റിയുള്ള കരസ്പർശമേറ്റ് മമ്മയൊന്നു കുറച്ചുതണുത്തു. ജാക്സനോട് പിന്നീട് ഇങ്ങനെയാണ് പറഞ്ഞത് മമ്മ...

പ്ലീസ് ജാക്സൻ. യൂ മേ ഗോ. പ്ളീസ് എവോയ്ഡ് മീ ആന്റ് മൈ ഡോട്ടർ.

എന്തോ നഷ്ടപ്പെട്ടതുപോലെ വേദനകടിച്ചമർത്തി ഉൾവിങ്ങലോടെയുള്ള മമ്മയുടെ പിൻവാങ്ങൽ കണ്ടപ്പോൾ ആയിരം മുള്ളുകൾ കുത്തിയിറക്കുന്ന വേദനയാണ് ഞരമ്പുകളിലൂടെ തലച്ചോറിലേക്ക് ആഴ്ന്നിറങ്ങയത്. കടലിൽ കെട്ടിയിട്ട പായ്‌വഞ്ചി കാറ്റിൽ ഇളകിയാടി മരവും മരവും തമ്മിൽ ഉരസിയുണ്ടാകുന്ന ശബ്ദം മമ്മയെയെന്നും കളിയാക്കുകയാണോ എന്നു തോന്നും അന്തരീക്ഷത്തിലെ ശബ്ദം കേട്ടാൽ കർത്താവെ കടലുപ്പിന്റെ മണമുള്ള കാറ്റാണോ എന്റെ മമ്മയുടെ മനസ്സിനേറ്റ വൃണങ്ങളെ എരിയിക്കുന്നത്?. മമ്മയുടെ മനസ്സിനെ നീറ്റുന്ന വൃണങ്ങളിനിയൊരിക്കലും കരിയില്ലേ? എന്നോ ഒരിക്കൽ പടിഞ്ഞാറുനിന്ന് പായ്‌വഞ്ചിയിലെത്തി മമ്മയെ കോരിയെടുത്ത് തുരുതുരേ ഉമ്മവെച്ചു മമ്മയുടെ കണ്ണീരൊപ്പാൻ പപ്പായെത്തുമെന്നുള്ള മമ്മയുടെ മനസ്സിലെ മോഹച്ചെപ്പ് കരയ്ക്കണിയില്ലേ? അല്ലെങ്കിൽ ഇനിയൊരിക്കലും മമ്മയുടെ മനസ്സിനേറ്റ വൃണങ്ങൾ മമ്മയെ ഇനെയൊക്കെപോലെതന്നെ കിറുക്കിയാക്കി ജീവിതാന്ത്യത്തിന്റെ ഒരുപിടി മണ്ണുനുള്ളിയിടുമോ കുഴിമാടത്തിൽ. അതുമല്ലെങ്കിൽ പപ്പായെക്കുറിച്ചുള്ള ഇന്നലേകളുടെ ചിന്തകൾക്ക് ചിറകുമുളച്ച മമ്മ ഇനിയൊരിക്കലും സന്തോഷത്തിന്റെ സുവർണ്ണമായ ആ നാളുകളിലേക്ക് തിരിച്ചു വരില്ലേ? ചിന്തകളേ എന്റെ മമ്മയുടെ മനസ്സിനെ ആഴക്കടലിൽ മുക്കികൊല്ലാതെ ജീവിതമെന്ന കച്ചിതുരുമ്പിലേക്കുള്ള ഒരു മാലാഖയായി നിക്കരുതോ നിങ്ങൾക്ക്? മാലാഖമാരായ സ്വപ്നങ്ങളേ വിട. മുളം കൂട്ടങ്ങളെപ്പോലെ തമ്മിലുരസി ശബ്ദം പുറപ്പെടുവിച്ച് എന്റെ മമ്മയുടെ മനസ്സിലെ നന്മകളെ ഊതിയണക്കാതെ ഞങ്ങളെ സ്വസ്ഥരാക്കൂ.

മെർലിൻ മമ്മയെകുറിച്ചോർത്ത ചിന്തകളിലപ്പോൾ കരഞ്ഞുപോകുകയായിരുന്നു.

കടലിലെ ഓളങ്ങൾ സൂര്യകിരണങ്ങളേറ്റ് വെട്ടിത്തിളങ്ങി. പ്രഭാതത്തിന്റെ മൃദുത്വം നഷ്ടപ്പെട്ട വെയിലിനു ചൂടു കൂടിവരുന്നുണ്ട്. ഉച്ചിയിൽ സൂര്യൻ കത്തിക്കാളുകയാണ്.

ടൂറിസ്റ്റുകളുടെ സീസൻ നാളുകളാണിപ്പോൾ. അഴിമുഖത്തേക്ക് വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകൾ എത്തിക്കൊണ്ടിരിക്കയാണിപ്പോഴും.

മമ്മയുടെ കണ്ണുകൾ ടൂറിസ്റ്റുകളിലാണ്. പടിഞ്ഞാറുനിന്ന് തന്റെ എല്ലാമായ ഗ്ലിപ്സൻ സായ്പ്പ് ഒരിക്കൽ തിരിച്ചുവരുമെന്ന് മമ്മയിപ്പോഴും സ്വപ്നം കാണുന്നു. പ്രാർത്ഥിക്കുന്നു. തന്റെ പ്രിയതമൻ വരാതിരുന്ന ഓരോ നാളുകളിലും മമ്മ കൂടുതൽ കൂടുതൽ കിറുക്കിന്റെ ലക്ഷണം പ്രകടിപ്പിച്ചുകൊണ്ട് ആരോടെല്ലാമോ വഴക്കുകൂടുകയാണ്. ഗ്രഹങ്ങളുടെ പ്രതിഭാസത്തിൽ കടലിലെ ഓളങ്ങൾ അലതല്ലുന്നതുപോലെ മമ്മയുടെ ഓർമ്മകളിൽ നിരാശയുടെ കൊടുംതിരമാലകൾ അലതല്ലുകയാണെന്നും. തന്റെ മമ്മയെ കനിവോടെ ദൈവമെന്നെന്നും കാത്തുരക്ഷിക്കണേ. കണ്ണീരോടെ പ്രാർത്ഥിക്കുകയാണ് മെർലിൻ.

ഒരിക്കലും കണ്ടിട്ടില്ലാത്ത തന്റെ പപ്പയുടെ വെള്ളാരം കണ്ണുകൾ സ്വപ്നം കാണുകയാണിന്ന് അവളും. ഇടതൂർന്ന ചെമ്പൻമീശയും പുരികങ്ങളും താടിയുമുള്ള തന്റെ പപ്പ. കർത്താവെ, പക്ഷേ?...

കടൽക്കരയിൽ തിരമാലകളേയും നോക്കിനിൽക്കുന്ന ജാക്സനെ മെർലിൻ ദൂരെനിന്നേ കണ്ടു.

പപ്പയേയും മമ്മയേയും കുറിച്ചുള്ള ഓർമ്മകളിൽ വരണ്ട മെർലിന്റെ ഉൾമനസ്സിലപ്പോൾ മെല്ലെ മന്ത്രിച്ചു.

ജാക്സൻ ഐ ലവ് യൂ. ഐ ലവ് യൂ ജാക്സൻ.... എന്നാലും മമ്മയുടെ അനിഷ്ടത്തിലൊരിക്കലും ഞാൻ ജാക്സനെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നില്ല. എന്നോടു പൊറുക്കൂ ജാക്സൻ. എന്റെ പപ്പ കൊടുത്തുപോയ മുൾകിരീടം ചുമക്കുന്ന മമ്മയെ വീണ്ടും ക്രൂശിക്കാനാകാത്ത ഈ പാവം പെൺകുട്ടിക്ക് മാപ്പ് നൽകൂ... മാപ്പ്...മാപ്പ്... മെർലിന്റെ മനസ്സിലപ്പോൾ കല്ലുപോലെ ഒരു തീരുമാനം ഉറക്കയായിരുന്നു. ■



**കഥ** **നക്ഷത്രരാജ്യം മാസിക ലക്കം 2011 ഡിസംബർ**



# സൂര്യകിരണങ്ങൾ

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**അ**മ്മയാണേ! മരിച്ചുപോയ ഗുരു കാരണവന്മാരാണേ! ഈ വലിയ കോഴിക്കൽ തറവാടിന്റെ മുറ്റത്ത് തുളസിത്തറയിൽ കത്തിനിൽക്കും കടുംതിരിയാണേ സത്യം! ഞാനീ തറവാട് കുളംതോണ്ടും.

ഇത് സത്യം... സത്യം... സത്യം... സൂര്യനെ ചുറ്റിയുള്ള ഭൂമിയുടെ ഭ്രമണത്തിൽ ചിലപ്പോഴെല്ലാം സംഭവിക്കുന്ന പ്രതിഭാസം പോലെ കലിതുള്ളി നിന്നിരുന്ന രവിവർമ്മതമ്പുരാൻ മുറ്റം ചവുട്ടിയരച്ച് ഒരു മദയാനയെപ്പോലെ കൊടുങ്കാറ്റിന്റെ വേഗതയിൽ തറവാടിന്റെ പടിയിറങ്ങി പുറത്തേക്ക് നടന്നു.

തറവാടിന്റെ പൂമുഖത്ത് നനഞ്ഞ പഴന്തുണി കെട്ടുപോലെ, വിളറിവെളുത്ത് ഒരു ശിലാപ്രതിമപോലെ ചുരുണ്ടുകൂടി നിൽക്കുകയാണ് അനന്തവിക്രമരാജ വലിയതമ്പുരാൻ.

ഏതോ ഒരു ഉൾപ്രേരണ എന്നവണ്ണം അപ്പോൾ തമ്പുരാന്റെ കണ്ണുകൾ ചുമരിലെ ക്ലോക്കിൽ പതിഞ്ഞു. സമയം എട്ടുമണിയായി. ഗൗരീശ്വരി ഇനിയും എത്തിയിട്ടില്ല. എല്ലാ ശനിയാഴ്ചയും അവൾ എഴുമണിക്കു മുമ്പേ വീട്ടിൽ എത്തുന്നതാണ്! ദൈവമേ? ഇന്നെന്തേ? രവിവർമ്മയെ ഞാനം?....



കർക്കിടമാസത്തിൽ ഇളകിമറിയുന്ന കടല് പോലെ തമ്പുരാന്റെ മനസ്സ് അസ്വസ്ഥമാകുകയാണ്. തമ്പുരാൻ അകത്തേക്ക് കയറി മേശപ്പുറത്ത് ഇരിക്കുന്ന മുറുക്കാൻ ചെല്ലമെടുത്തു പുറത്തേക്ക് നടന്നു.

പറമ്പിലെ ആൽത്തറയിലിരുന്നു മുറുക്കാൻ ചെല്ലത്തിൽ നിന്ന് ഒരു വെറ്റില എടുത്തു. ചുണ്ണാമ്പു തേച്ച് പാക്ക് വെട്ടി വെറ്റിലയിൽ വെച്ചു. പുകയിലയും ചേർത്ത് കുശാലായൊന്നു നാലും കൂട്ടി മുറുക്കി.

ഇപ്പോൾ മനസ്സിനെന്തോ ഒരു ഉണർവ് വന്നതു പോലെ. തമ്പുരാൻ പൂമുഖത്തേക്ക് കയറി രണ്ടു ചാൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. മനസ്സിനെന്തോ സ്വസ്ഥത കിട്ടുന്നില്ല. തലച്ചോറ് ഏതുനിമിഷവും പൊട്ടിതെറിക്കുവാൻ ലാവാപ്രവാഹം കൊണ്ട് തിളച്ചുമറിയുകയണ് ഒരഗ്നിപർവ്വതം പോലെ.

ലക്ഷ്മീ... ലക്ഷ്മീ....

വീണ്ടും ഒരു ചാൽ കൂടി നടന്നശേഷം തമ്പുരാൻ അകത്തേക്ക് നോക്കി ഭാര്യയെ വിളിച്ചു.

ലക്ഷ്മീ തമ്പുരാട്ടി പത്തായത്തിൽ ഇറങ്ങി നെല്ല് അളക്കുകയാണ്. ഭർത്താവിന്റെ വിളികേട്ടപാടെ അകത്തളത്തിൽ നിന്ന് വേഗത്തിൽ പുറത്തേക്ക് വന്ന് ഭർതാവിനരുകിൽ നിന്നു ലക്ഷ്മി തമ്പുരാട്ടി.

ഒറ്റനോട്ടത്തിൽ തന്നെ ഭർതാവിന്റെ മുഖഭാവം കണ്ട് ലക്ഷ്മി തമ്പുരാട്ടിയുടെ മനസ്സൊന്നു ഇടിഞ്ഞു.

ഒരു ദിവസം കൊണ്ടദ്ദേഹം ആകെ മാറിപ്പോയിരിക്കുന്നു. സദാനക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്ന അദ്ദേഹത്തിന്റെ കണ്ണുകൾ ഇന്നെന്തോ കുഴിയിലേക്ക് ആണ്ടുപോയിരിക്കുന്നു.

ഒരിക്കലും വറ്റാത്ത ആ പുഞ്ചിരി ഇന്നെന്തേ ആ മുഖത്ത് കാണുന്നില്ല?

ദൈവമേ അദ്ദേഹത്തിനൊന്നും വരുത്തരുതേ. അവർ കൈകൂപ്പി മനസ്സിൽ സകല ദൈവങ്ങളേയും വിളിച്ചു.

തിങ്കളാഴ്ച രാവിലെ കോളേജിലേക്ക് പോകുമ്പോൾ ഗൗരീശ്വരി എന്തെങ്കിലും പറഞ്ഞിരുന്നോ ലക്ഷ്മീ?

ആഴം കൂടിയ നരിമടയിൽ നിന്നു വരുന്ന കാടപ്രാവിന്റെ ശബ്ദത്തിന്റെ പ്രതിധ്വനി പോലെ തമ്പുരാന്റെ ശബ്ദം ചിലമ്പിച്ചിരുന്നു. രവിവർമ്മ പറഞ്ഞത് നീയും കേട്ടല്ലോ? അവൻ അവളുടെ മുറച്ചെറുക്കനാണ്. തമ്പുരാന്റെ കണ്ണിൽ കണ്ണുനീർതുള്ളികൾ ഉരുണ്ടുകൂടി.

പുറത്തേക്ക് ഒഴുകാൻ വെമ്പുന്ന കണ്ണുനീർ കണ്ട് ലക്ഷ്മിതമ്പുരാട്ടിയുടെ മനസ്സൊന്നു പിടഞ്ഞു.

ദൈവമേ. എങ്ങനെയാണ് അദ്ദേഹത്തോടതൊന്നു പറയുക.

ഗൗരീശ്വരി രവിവർമ്മയെ വേൾക്കില്ലെന്ന് പറഞ്ഞാൽ രവിവർമ്മയോടദ്ദേഹം എന്തു പറയും?

ഞാൻ ചോദിച്ചത് നീ കേൾക്കുന്നില്ലേ? അവൾ നിന്നോടെന്തെങ്കിലും പറഞ്ഞിരുന്നോ? തമ്പുരാന്റെ ശബ്ദം കനത്തു.

ഉം... ലക്ഷ്മിതമ്പുരാട്ടി തലകുനിച്ച് മെല്ലെയൊന്ന് മൂളി. അദ്ദേഹത്തിന്റെ മുഖത്ത് മുമ്പെങ്ങും ഇങ്ങനെയൊരുഭാവം കണ്ടതായി ഓർക്കുന്നില്ല.

എന്തു പറഞ്ഞു?

അദ്ദേഹം മറുപടി പറയാതെ തന്നെ വിടുന്ന മട്ടില്ല.

എന്തായാലും പറഞ്ഞേ തീരു. അത് ഇപ്പോൾ തന്നെയാകട്ടെ. തന്റെ ചുണ്ടുകൾ ഇളകുന്നതും നോക്കി അദ്ദേഹം നില്ക്കുകയാണ്.

അവൾക്ക് രവിവർമ്മയെ വേൾക്കാൻ ഇഷ്ടമില്ലെന്ന്. ലക്ഷ്മി തമ്പുരാട്ടിക്ക് വാക്കുകൾ തൊണ്ടയിൽ തടഞ്ഞു. എങ്ങിനെയെങ്കിലും അടുക്കളയിലേക്ക് രക്ഷപ്പെട്ടാലോ എന്നായിരുന്നു തമ്പുരാട്ടിയുടെ ഇപ്പോഴത്തെ ചിന്ത.

ഉം. എന്തുകൊണ്ട്? അവന്റെ അച്ഛന്റെ മരണകിടക്കയിലിരുന്ന് നമ്മളെല്ലെ ലക്ഷ്മി അവരെ കൈപിടിച്ചൊന്നിപ്പിച്ചത്. അന്നു ഗൗരീശ്വരിക്ക് അഞ്ചു വയസ്സായിരുന്നു. രവിവർമ്മക്ക് ഏഴും. നീയതെല്ലാം മറന്നോ ലക്ഷ്മീ. തമ്പുരാന്റെ വാക്കുകളിൽ ഗദ്ഗദം പുരണ്ടു.

അദ്ദേഹം പറഞ്ഞത് നേരാണ്. ലക്ഷ്മി തമ്പുരാട്ടിയോർത്തു. ആ ദിവസം ഇന്നു നടന്നതുപോലെ മനസ്സിൽ പച്ച വിരിച്ചു നിൽക്കുന്നുണ്ട്. അന്ന് രവിവർമ്മയുടെ അച്ഛന്റെ മരണകിടക്കയിലിരുന്ന് താനാണ് അവരെ കൈപിടിച്ചു ഒന്നിപ്പിച്ചത്. പക്ഷേ... ഗൗരീശ്വരി...

എനിക്ക് ഓർമ്മ വെക്കുന്നതിനുമുൻപ് നിങ്ങൾ ചെയ്ത തെറ്റിനു ഞാൻ പ്രായശ്ചിത്തം ചെയ്യണോ?

വിളഞ്ഞുനിൽക്കുന്ന ചെങ്കതിർപോലെ സുന്ദരിയായ – നിതംബത്തിനുതാഴെ മുട്ടോളം നീണ്ടുനിൽക്കുന്ന മുടികളുള്ള പാർവ്വതി ചേച്ചി അന്ന് തറവാട്ടിലെല്ലാവരുടേയും ഓമനയായിരുന്നു. ചേച്ചിയുടെ പതിനാറാമത്തെ പിറന്നാളിന്റന്നാണ് ഗുപ്തൻ തമ്പുരാൻ ആദ്യമായി പാർവ്വതി ചേച്ചിയെ കാണുന്നത്.

അന്ന് പ്രഭാതത്തിൽ ചേച്ചി സൂര്യനുദിക്കുന്നതിനു മുൻപ് എഴുന്നേറ്റ് അമ്മയെ വിളിച്ചുണർത്തി. എണ്ണയും സോപ്പും എടുത്ത് അമ്മയോടൊപ്പം ക്ഷേത്രകുളത്തിലേക്ക് നടന്നു. ഇരുട്ടു വിട്ടുമാറാത്ത തൊടിയിലെ നടവഴിയിലൂടെ കുറച്ചുദൂരം നടന്നാൽ തറവാട്ടുക്ഷേത്രത്തിൽ എത്താം. അക്കാലത്ത് ഇന്നുള്ളതുപോലെ മതിൽ കെട്ടുകളൊന്നുമില്ലപോൽ തറവാട്ടുക്ഷേത്രവളപ്പിന്. ഇടിഞ്ഞുപൊളിഞ്ഞു വീണ മതിൽകെട്ടിന്റെ കൂമ്പാരമായി കുറെയധികം കല്ലുകളായിരുന്നു നിലത്തു മുഴുവൻ പരന്നുകിടന്നിരുന്നത്. കല്ലുകൾക്കിടയിൽനിന്നും മാളങ്ങളിൽനിന്നും പുറത്തേക്ക് ഇഴഞ്ഞുവന്ന് ഇരതേടി നടക്കുന്ന കുറേയധികം ഇഴജന്തുക്കളുമുണ്ടായിരുന്നു കോട്ടക്കരികിലുള്ള കുളത്തിലേക്കുള്ള നടവഴിയിൽ.

ക്ഷേത്രത്തിലപ്പോൾ ഉഷപൂജക്കുള്ള ഒരുക്കങ്ങൾ തുടങ്ങികഴിഞ്ഞിരുന്നു. കത്തുന്ന എണ്ണയുടേയും കർപ്പൂരത്തിന്റേയും സുഗന്ധം നാസാരന്ധ്രങ്ങളിലേക്ക് അടിച്ചുകയറ്റുന്ന പ്രഭാതത്തിന്റെ കുളിർകാറ്റേറ്റ് ഉറക്കച്ചടവിന്റെ ക്ഷീണം വിട്ടകന്നതുപോലെ. ചേച്ചി ഉള്ളിൽ ഇരുന്നു ആരോ മന്ത്രിക്കുന്ന അനുസരണയോടെ വേഗതകൂടിയ കാലടികൾ നീട്ടിവെച്ച് അതിവേഗത്തിൽ നടന്നു.

ക്ഷേത്രകുളത്തിനരുകിലെത്തിയപ്പോഴേക്കും ചേച്ചിയുടെ സകല നിയന്ത്രണങ്ങളും വിട്ടിരുന്നു.

തൊട്ടുപിറകിലായി നടന്നുവരുന്ന അമ്മയെ ശ്രദ്ധിക്കാതെ ക്ഷേത്രകുളത്തിന്റെ പടവുകളിറങ്ങി. നീന്തൽ നന്നായി വശമുണ്ടായിരുന്ന ചേച്ചി ഒരു നിമിത്തത്തിന്റെ ഉൾപ്രേരണയെന്നവണ്ണം വെള്ളത്തിലിറങ്ങി ഇക്കരെനിന്നും അക്കരെയിലേക്ക് കുതിച്ചു തുഴഞ്ഞു. അക്കാലത്ത് ചേച്ചിയോട് മത്സരിച്ച് ജയിക്കുവാൻ തറവാട്ടിൽ ആരുമുണ്ടായിരുന്നില്ല. നീന്തൽ നന്നായി വശമുണ്ടായിരുന്ന തന്റെ ഭർത്താവിനെപോലും ചേച്ചി പലതവണ നീന്തിതോല്പിച്ചതിന്റെ ധീരകഥകൾ തറവാട്ടിലെല്ലാവരും പറയുന്നത് താനും എത്രയോ തവണ കേട്ടിട്ടുണ്ട്.

അമ്മ കുളത്തിന്റെ കൽപടവുകളിറങ്ങി. കിഴക്കോട്ടു തിരിഞ്ഞു ഏഴുവട്ടം മുങ്ങിപൊങ്ങി. കൽപടവിൽ കത്തിച്ചുവെച്ച നിലവിളക്കെടുക്കാൻ തിരിഞ്ഞതാണ്.

ദൂരെനിന്നും പാർവ്വതിചേച്ചിയുടെ ഉച്ചത്തിലുള്ള നിലവിളികേട്ടാണ് അമ്മ പാർവ്വതിചേച്ചിയെ കുറിച്ച് ഓർത്തത്.

മങ്ങിയ വെളിച്ചത്തിൽ കുളത്തിനു നടുവിൽ കയത്തിലേക്ക് താഴുന്ന ചേച്ചിയെ നോക്കി അമ്മ ഇക്കരെ നിന്ന് ഉറക്കെ നിലവിളിച്ചു.

കുളത്തിന് നടുവിലേക്ക് നീന്തിപോകുന്ന ചെറുപ്പക്കാരനെ കണ്ടപ്പോൾ അമ്മക്ക് ഒരുവിധത്തിലാശ്വാസമായതുപോലെയായി.

ആ കള്ള് കുടിയന്റെ ഭാര്യയായി ജീവിക്കാൻ എനിക്ക് കഴിയില്ല. അവൾ അറുത്ത് മുറിച്ച് പറഞ്ഞതാണ്.

ഒരു കണക്കിന് അവൾ പറഞ്ഞതിലും കാര്യമുണ്ട്. ജോലി ഒന്നും ഇല്ലാതെ തെക്കോട്ടും വടക്കോട്ടും നടക്കുന്ന ഒരുത്തനെ ഏത് പെൺകുട്ടിയാണ് ഇന്നത്തെ കാലത്ത് ഭർതാവായി സങ്കല്പിക്കുക.

'ജോലിയില്ലെങ്കിലും സാരമില്ലായിരുന്നു. പറമ്പിലും പാടത്തും കൃഷിചെയ്താൽ അവർക്കു സന്തോഷമായി ജീവിക്കുവാനുള്ള വക ഭൂമി കൊടുക്കും. പക്ഷേ.. അവൻ... സദാസമയവും ചാരായത്തിന്റേയും കഞ്ചാവിന്റേയും... ഛെ... അവൾ പറയുന്നതിലും കാര്യമുണ്ട്. ലക്ഷ്മി തമ്പുരാട്ടി, മകളുടെ ഭാഗമൊന്ന് ന്യായീകരിക്കുവാൻ ശ്രമിച്ചുനോക്കി.

"ഇനി ഗൗരീശ്വരി വല്ലവരേയും കണ്ടുവെച്ചിരിക്കുമോ? ഇന്നത്തെകാലമാണ്. ഒന്നും നിശ്ചയിക്കാൻ കഴിയില്ല. ലക്ഷ്മി തമ്പുരാട്ടിയുടെ ചിന്താമണ്ഡലം ആകെ കുഴഞ്ഞുമറിഞ്ഞു. ഏതായാലും ഗൗരീശ്വരി വരട്ടെ. അവളോട് തന്നെ ചോദിക്കാം. 'ലക്ഷ്മി തമ്പുരാട്ടി മനസ്സിലുറപ്പിച്ചു.

നീയെന്താ ഇത്രയധികം ആലോചിക്കുന്നത്. രവിവർമ്മയുടെ ശപഥം നീയും കേട്ടതാണല്ലോ? അവനെ നമുക്കെല്ലാവർക്കും അറിയാം. ഒരു കണക്കിനു പറഞ്ഞാൽ അവളെല്ലെ അവനെ ഈ നിലയിലേക്കെത്തിച്ചത്.

ലക്ഷ്മി തമ്പുരാട്ടിയുടെ മുഖം കോപം കൊണ്ടു ചുകന്നു തുടുത്തു. പറയാതിരിക്കാൻ കഴിഞ്ഞില്ല. ഉം... അവള് പറഞ്ഞിട്ടാണോ അവനിങ്ങനെ ഇരുപത്തിനാലു മണിക്കൂറും മദ്ധ്യസേവയുമായി നാടു മുഴുവൻ ചുറ്റുന്നത്? ആണുങ്ങളായാൽ കുറച്ചൊക്കെ ചുണയും തന്റേടവും വേണം. അതില്ലാഞ്ഞാൽ ഇങ്ങനൊക്കെ തന്ന്യാ.... നിങ്ങൾക്ക് സഹോദരിയോടുള്ള സ്നേഹത്തിന് എന്റെ മോളെ ബലികൊടുക്കാൻ ഞാൻ സമ്മതിക്കില്ല. ലക്ഷ്മി തമ്പുരാട്ടി നിന്നു കിതച്ചു.

ഹോ... അന്ന് താനീവിവാഹം നടത്തരുതായിരുന്നു. മരണകിടക്കയിൽ കിടക്കുന്ന രവിവർമ്മയുടെ അച്ഛൻ ഗുപ്തൻ തമ്പുരാന്റെ മടിയിലിരുന്നു കരയുന്ന തന്റെ മകൾ ഗൗരീശ്വരിയുടെ ചിത്രം ലക്ഷ്മിതമ്പുരാട്ടിയുടെ മനസ്സിലേക്ക് ഒരു വെള്ളിടിയായി ഇറങ്ങിവന്നു. "രവിവർമ്മയുടെ അച്ഛൻ തെക്കേപ്പാട്ട് വലിയ മനക്കൽ ഗുപ്തൻ തമ്പുരാൻ നാട്ടിലെ ധനാഢ്യനായിരുന്നു. തന്റെ ഭർത്താവിന്റെ സഹോദരി പാർവ്വതി തമ്പുരാട്ടിയെ കണ്ട് മോഹിച്ചാണ് ഗുപ്തൻ തമ്പുരാൻ തറവാടിന്റെ പടി കയറി വന്ന് വലിയ കാരണവരെ കണ്ട് പെണ്ണു ചോദിച്ചത്. അന്ന് തന്നെ വിവാഹം കഴിച്ച് ഈ തറവാട്ടിലേക്ക് കൊണ്ടു വന്നിട്ടില്ല. ഗുപ്തൻ തമ്പുരാന്റെ ധീരതയെ പറ്റി തറവാട്ടിലെല്ലാവരും പൊടിപ്പും തൊങ്ങലും വെച്ച് സംസാരിക്കുന്നത് താനും എത്രയോ തവണ കേട്ടിട്ടുണ്ട്. ഹോ. എന്തൊരു കൂടിചേരലായിരുന്നു അത്. ആലോചിച്ചാൽ തന്നെ നാണമാകും. തമ്പുരാട്ടിയുടെ മനസ്സിൽ അവരുടെ വിവാഹകാലത്തെ കുറിച്ച് പറഞ്ഞു കേട്ടതായ ഓർമ്മകൾ നുരഞ്ഞുപൊന്തി.



ചെറുപ്പക്കാരൻ കുളത്തിൽ മുങ്ങിതാഴുന്ന പാർവ്വതി ചേച്ചിയെ മുടിക്ക് പിടിച്ച് മുകളിലേക്കുയർത്തി.

ചേച്ചിയേയും കൊണ്ട് നീന്തി ഇക്കരെയെത്തിയ ചെറുപ്പക്കാരൻ ചേച്ചിയെ ഒരു വാഴതടയെന്നവണ്ണം മാറോടക്കി കുളത്തിനു മുകളിലെ പടവുകളിൽ വെച്ചു.

അർദ്ധപ്രജ്ഞയിൽനിന്നും ഉണർന്ന പാർവ്വതി ചേച്ചിയുടെ കണ്ണുകൾ മുന്നിൽനിൽക്കുന്ന കറുത്തനായ ചെറുപ്പക്കാരന്റെ ശരീരത്തിൽ പരതി നടന്നു.

ഒരു ആനയെപോലെ കറുത്തുള്ള അദ്ദേഹത്തിന്റെ ഇരുകൈകളിലേയും മസിലുകൾ കണ്ട ചേച്ചിയുടെ കണ്ണുകൾ നാണത്താൽ പാതി കൂമ്പി. രോമാവൃതമായ ശരീരം, കാന്തശക്തിയുള്ള അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ ചേച്ചി നിന്നു വിയർത്തു. കണ്ണുകളിൽ പരൽമീനിന്റെ തുടുപ്പുപോലെ.

"നിന്റെ പേരെന്താ?" ഇമ്പത്തിലുള്ള അദ്ദേഹത്തിന്റെ ശബ്ദം കേട്ട ചേച്ചി പാതിയടഞ്ഞ കണ്ണുകളോടെ സ്വയമറിയാതെ പുലമ്പി. "പാർവ്വതി...."

നല്ല പേര്. നിന്നെ ഞാൻ കെട്ടട്ടെ? ഒരു നാണവുമില്ലാതെയാണദ്ദേഹത്തിന്റെ സംസാരം.

ലജ്ജയാൽ ചേച്ചിയുടെ മുഖം ചുവന്നു തുടുത്തു. സ്വതേ മാതളത്തിന്റെ നിറമുള്ള ചേച്ചിയുടെ ശരീരത്തിലേക്കുള്ള അദ്ദേഹത്തിന്റെ ചൂഴിഞ്ഞനോട്ടം കണ്ട് ചേച്ചി നാണത്താൽ മുഖം തിരിച്ചു.

പിറ്റെദിവസം ഒരു ഞായറാഴ്ചയായിരുന്നു.

തറവാട്ട് മുറ്റത്ത് കൊയ്ത്തുകറ്റകൾ കൊണ്ടുവരുകയും മെതിക്കുകയും ചെയ്യുന്ന ജോലിക്കാരുടെ ഇടയിൽ കൂടി നടന്നുവരുന്ന ആജാനബാഹുവായ മനുഷ്യനെ നോക്കി നിൽക്കുകയാണ് അച്ഛൻ വലിയതമ്പുരാൻ.

തറവാടിന്റെ പടികൾ കയറി വന്ന ഗുപ്തൻതമ്പുരാൻ നേരെ വലിയ തമ്പുരാന്റെ അടുത്തെത്തി.

ഉം.... എന്തുവേണം. പാർവ്വതി ചേച്ചിയുടെ അച്ഛൻ വലിയതമ്പുരാൻ മെല്ലെ മുരടനക്കി.

ഞാൻ തെക്കേപ്പാട്ടു വലിയ മനക്കലെ ചന്ദ്രശേഖരവർമ്മയുടെ മകൻ ഗുപ്തൻതമ്പുരാൻ. എനിക്ക് അങ്ങയുടെ മകളെ വിവാഹം ചെയ്താൽ കൊള്ളാമെന്നുണ്ട്. ഒറ്റ ശ്വാസത്തിനാണ് അന്ന് ഗുപ്തൻതമ്പുരാൻ വലിയ തമ്പുരാനോട് പാർവ്വതി ചേച്ചിയെ വിവാഹം ചെയ്തുകൊടുക്കണമെന്നാവശ്യപ്പെട്ടത്.

ഗുപ്തൻതമ്പുരാന്റെ വാക്കുകൾ കേട്ട് വലിയ തമ്പുരാൻ ഉറക്കെചിരിക്കുന്നതുകേട്ട് തറവാട്ടിലെ മറ്റുള്ളവരും വലിയതമ്പുരാനു ചുറ്റും കൂടി കാരണം അന്വേഷിച്ചു.

അടുത്തുനിൽക്കുന്ന പാർവ്വതിചേച്ചിയുടെ അമ്മ അച്ഛൻ തമ്പുരാനെ വിളിച്ച് എന്തോ സ്വകാര്യം പറഞ്ഞു.

പിന്നീടെല്ലാം പെട്ടെന്നാണ് തീരുമാനിച്ചത്. മകരമാസം മുപ്പതാംതിയ്യതിയിലേക്ക് കല്യാണം നിശ്ചയിച്ചു.

അങ്ങിനെയാണ് ഗുപ്തൻ തമ്പുരാൻ പാർവ്വതി ചേച്ചിയുടെ ഭർത്താവായത്.

അതിനും പിറ്റേക്കൊല്ലം രവിവർമ്മ ജനിച്ചു.

രവിവർമ്മയുടെ ജനനത്തിന് ആറുമാസം മുൻപാണ് തന്നെ ഈ തറവാട്ടിലേക്ക് ഗോദരാജവർമ്മ തമ്പുരാൻ വിവാഹം ചെയ്തുകൊണ്ടുവന്നത്.

തന്റെ വിവാഹം കഴിഞ്ഞിട്ട് ഇന്നത്തേക്ക് ഇരുപത്തിരണ്ടു വർഷമായി.

## 2

പുറത്തെ പടിപുരയിലേക്ക് നടന്നടുക്കുന്ന ചൂട്ടിന്റെ വെളിച്ചം കണ്ട് ലക്ഷ്മി തമ്പുരാട്ടി ചിന്തയിൽനിന്നും ഞെട്ടി ഉണർന്നു. തമ്പുരാൻ ചാരുകസേരയിൽ മൃതപ്രായനായി ചടഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങുന്നുണ്ട്.

ചൂട്ടുകറ്റയും കത്തിച്ചുവരുന്ന ആൾ പടിപ്പുരകയറി മുറ്റത്തേക്കുവന്നു. അയാളുടെ തൊട്ടുപിറകിലായി ഗൗരീശ്വരിയും ഉണ്ട്.

ചാരുകസേരയിൽ തളർന്നിരിക്കുന്ന അദ്ദേഹത്തിന്റെ മുഖത്തിനൊരു തെളിച്ചം കണ്ടു.

"ഗൗരീശ്വരി വരുന്നുണ്ട്."

ലക്ഷ്മിതമ്പുരാട്ടിയുടെ വാക്കുകൾ കേൾക്കേണ്ടതാമസം അദ്ദേഹം ചാരുകസേരയിൽ നിന്നും ചാടി എഴുന്നേറ്റു.

ഗൗരീശ്വരി പൂമുഖത്തേക്ക് കയറി. കൂട്ടത്തിലുള്ളത് തെക്കേപ്പാട്ട് മനക്കലെ കുടികിടപ്പുകാരൻ ശങ്കരനാണ്.

"എന്താ ശങ്കരാ സുഖാണോ?" ഗൗരീശ്വരിയെ കണ്ടതോടെ മനസ്സൊന്നു തണുത്തതാണ്, മകളോട് സംസാരിക്കാൻ തിടുക്കമുണ്ടെങ്കിലും ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. എന്തായാലും തന്റെ മകളെ ഇത്രടം വരെ എത്തിച്ചതെല്ലേ"ശങ്കരൻ പറഞ്ഞു."

"ആണേ... ദൈവകൃപകൊണ്ട് സുഖാണേ അടി

യന്" ശങ്കരൻ മുന്നിൽ വന്ന് ഓച്ഛാനിച്ചുനിന്നു.

എന്നാൽ ശങ്കരൻ പോകല്ലേ? മനസ്സിലുള്ള വികാരങ്ങളെ മറച്ചുപിടിക്കാൻ നന്നേ പാടുപെട്ടുകൊണ്ടാണ് അദ്ദേഹം അത്രയും സംസാരിച്ചത്. "ശങ്കരന്റെ മുഖം ഒന്നു മഞ്ഞച്ചോ?"

ശങ്കരൻ ചൂട്ടുകറ്റ വായുവിൽ ഒന്നു ഉയർത്തിവീശി. ചൂട്ടുകറ്റ പഴയതുപോലെ നല്ല വെളിച്ചത്തോടെ കത്തി. ചൂട്ടുകറ്റ വീശികൊണ്ട് ശങ്കരൻ പടിയിറങ്ങി പുറത്തേക്ക് നടന്നു.

നീയെന്താ മോളെ ഇത്ര വൈകിയത്? നീ രവിവർമ്മയെ കണ്ടിരുന്നോ? ഉൾക്കിടിലത്തോടെയാണ് തമ്പുരാൻ അത്രയും ചോദിച്ചത്.

ഇല്യച്ഛാ. ഞാൻ കണ്ടില്ല. ഇന്ന് ബസ്സ്കാര് സമരത്തിലായിരുന്നു. അതുകൊണ്ടാ ഇത്ര വൈകിയത്. ഗൗരീശ്വരി പറഞ്ഞു.

"ഉം... ഇന്ന് രവിവർമ്മ ഇവിടെ വന്നിരുന്നു. നിങ്ങളുടെ വിവാഹകാര്യത്തെക്കുറിച്ച് അവന് അവസാനമായി ഒരു തീരുമാനമറിയണമെന്ന്. ഞാനെന്താ മോളെ രവിവർമ്മയോട് പറയേണ്ടത്?

"ഗൗരീശ്വരിയുടെ കണ്ണുകൾ നിറഞ്ഞു. പുറത്തേക്ക് ഒഴുകി വരുന്ന കണ്ണുനീർ ആരും കാണാതെ സാരിതുമ്പുകൊണ്ടു തുടച്ചു. രവിവർമ്മയെ തനിക്ക് ഇഷ്ടമാണ്. പക്ഷേ അദ്ദേഹത്തിന്റെ സ്വഭാവം. വേണ്ട. ഇപ്പോഴൊന്നും പറയണ്ട. കുറച്ചുകൂടി നോക്കാം.

എനിക്ക് ഇപ്പോൾ വിവാഹം വേണ്ടച്ഛാ. ഗൗരീശ്വരി അത് പറഞ്ഞ് അകത്തേക്ക് കയറിപോയി. കിടക്കയിൽ വീണു. മനസ്സിനെന്തോ ഒരു ഭാരം പോലെ. കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി തലയിണകൾ കുതിർന്നു.

ഇപ്പോ ചോദിക്കണ്ടായിരുന്നു. അവൾക്ക് നൊമ്പരപ്പെട്ടിട്ടുണ്ടാകും. ലക്ഷ്മിതമ്പുരാട്ടി പറഞ്ഞു.

തമ്പുരാനൊന്നുമൂളി

"ഉം... ഞാനൊന്നു കിടക്കട്ടെ. തമ്പുരാൻ നേരെ അകത്തേക്ക് നടന്നു."

നിങ്ങളൊന്നും കഴിക്കുന്നില്ലേ? തമ്പുരാന്റെ പിന്നിലായിനടന്നുകൊണ്ട് ലക്ഷ്മിതമ്പുരാട്ടി ചോദിച്ചു.

വേണ്ട. വിശപ്പില്ല. തമ്പുരാൻ നേരെ കട്ടിലിൽ പോയി വീണു.

"അദ്ദേഹത്തിന് വേണ്ടാത്തത് തനിക്കെന്തിനാണ്? ലക്ഷ്മിതമ്പുരാട്ടിയും തമ്പുരാന്റെ കട്ടിലിനു താഴെ പായ് വിരിച്ചുകിടന്നു. രാത്രിയുടെ രണ്ടാം യാമവും കഴിഞ്ഞു. ചിന്തിച്ചുകൊണ്ട് വെറുതെ കിടക്കുന്ന ലക്ഷ്മിയുടെ കണ്ണുകളിലേക്ക് ഉറക്കം തഴുകിയിറങ്ങി. ഇപ്പോൾ പുറത്ത് കുറുക്കന്റെ ഓളിയിടൽ മാത്രം കേൾക്കാം.

**3**

നേരം പരപരാവെളുത്തു. കാക്ക കരയുന്ന ശബ്ദം കേട്ടാണ് രവിവർമ്മ ഉണർന്നത്. ഇന്നലെ രാത്രി യാത്രാക്ഷീണം കൊണ്ട് എപ്പോഴാണ് ഉറങ്ങിപോയതെന്നറിയില്ല. താനീ കൽമണ്ഡപത്തിൽ എത്തിയതെപ്പോഴാണ്?

വലിയ കോയിക്കൽ തറവാടിന്റെ പടിയിറങ്ങി ഇന്നലെ സന്ധ്യക്കു തുടങ്ങിയ നടത്തമാണ്. ഇടക്ക് ഗോവിന്ദന്റെ ഷാപ്പിൽ കയറിയതായി നേരിയ ഓർമ്മയുണ്ട്. ഗോവിന്ദന്റെ ഷാപ്പിൽ നിന്നും രണ്ടു ഗ്ലാസ്സ് പട്ട ചാരായം കുടിച്ചതുവരെയുള്ള കാര്യങ്ങൾ ഓർത്തെടുക്കുവാൻ സാധിക്കുന്നുണ്ട്. പിന്നീടൊന്നും ഓർമ്മയില്ല. മനസ്സാകെ വലിഞ്ഞു മുറുകുന്നു. പെട്ടെന്നുള്ള ക്ഷോഭത്തിനാണ് അമ്മാവനോടങ്ങനെ പറഞ്ഞത്. ഇപ്പോൾ കുറ്റബോധം തോന്നുന്നുണ്ട്. താനങ്ങിനെ പറയരുതായിരുന്നു. പക്ഷേ പറയാതിരിക്കുന്നതെങ്ങനെ?

"ഗൗരീശ്വരി തന്റെ മുറപ്പെണ്ണാണ്. മുറപ്പെണ്ണ് മാത്രമല്ല. ആചാരപ്രകാരം അവൾ തന്റെ ഭാര്യയല്ലേ?"

അതെയെന്ന് തന്നെയാണ് തന്റെ വിശ്വാസം.

ചെറുപ്പക്കാലത്ത് അമ്മാവിയാണ് ഗൗരീശ്വരിയുടെ കൈപിടിച്ച് തന്നെ ഏല്പിച്ചത്.

"അപ്പോൾ അച്ഛൻ പറയുന്നുണ്ടായിരുന്നു."

ഇന്നു മുതൽ ഗൗരീശ്വരി നിന്റെയാ മോനെ. നിങ്ങളുടെ ജീവിതകാലത്തൊരിക്കലും ഇനി നിങ്ങൾ വേർപിരിയരുത്. നീ വളർന്നു വലുതായാൽ ഇവളെ വിവാഹം കഴിക്കണം.

അത് പറഞ്ഞതോടെ അച്ഛന്റെ കൈകൾ മെല്ലെ നിശ്ചലമായി. പിന്നീടൊന്നും തനിക്ക് ഓർമ്മയില്ല.



കൂടിനില്ക്കുന്ന ആൾകൂട്ടത്തിൽ ഒരാളായി ഗൗരീശ്വരിയോടൊപ്പം മിന്നാമിനുങ്ങിനെ പിടിച്ച് തീപ്പെട്ടികൂട്ടിലാക്കി കളിച്ചത് നല്ല ഓർമ്മയുണ്ട്.

"അച്ഛന്റെ മരണസമയത്ത് തനിക്ക് ഏഴ് വയസ്സായിരുന്നു. ഗൗരീശ്വരിക്ക് അഞ്ചും."

അച്ഛന്റെ മരണശേഷമാണ് താനും അമ്മയും അമ്മാവനോടൊപ്പം വലിയ കോഴിക്കൽ തറവാട്ടിലേക്ക് മടങ്ങിപോന്നത്. പിന്നീട് തന്നെ വളർത്തിയതും വലുതാക്കിയതും അമ്മാവനാണ്. ഒരു

രക്ഷാകർത്താവിന്റെ സ്ഥാനത്ത് നിന്നു ചെയ്യേണ്ട തെല്ലാം ചെയ്തു. ആ അമ്മാവനോടാണ് ഇന്നലെ താൻ നിഷേധിച്ചു സംസാരിച്ചത്. രവിവർമ്മയുടെ കണ്ണുകൾ ഈറനണിഞ്ഞു. എഴുന്നേൽക്കാൻ തോന്നുന്നില്ല. രവിവർമ്മ വീണ്ടും തന്റെ ചെറുപ്പ കാലം അയവിറക്കി കൽമണ്ഡപത്തിൽ മലർന്നു കിട ന്നു.

**4**

സമയം പുലർച്ച നാലുമണിയായി കാണും. ഘടി കാരത്തിലെ അലാറം നിർത്താതെ ശബ്ദിക്കുന്നതു കേട്ട് ഗൗരീസ്വരി ഉറക്കത്തിൽ നിന്നു ഞെട്ടിഉണർന്നു. പുറത്ത് അതിശക്തമായി മഞ്ഞുപെയ്യുന്നുണ്ട്. ഇല കളിലും മറ്റും മഞ്ഞുതുള്ളികൾ വീഴുന്ന ശബ്ദം തൊടിയിൽ ഇപ്പോഴും നിലച്ചിട്ടില്ല.

കിടക്കയിൽ നിന്നും എഴുന്നേറ്റ് ഗൗരീശ്വരി ചുമ രിലെ സ്വിച്ചിൽ വിരലമർത്തി. ബൾബ് കഴിഞ്ഞാഴ്ച യിലെ പോലെ ഇന്നും എരിയുന്നില്ല. റംസാൻ മാസ ത്തിലെ അമ്പിളി പോലെ വെളിച്ചമില്ലാതെ ബൾബി നകത്തെ ഫിലമെൻറ് ചുകന്നുനിൽക്കുകയാണിന്നും. പ്രഭാതത്തിലെ കറണ്ട് കട്ട് ഒരു പല്ലവിയാക്കിയിരി ക്കയാണ് ഇവർ. ഇല്ലാത്ത പണം മുടക്കി ഇലക്ട്രി സിറ്റി തൊഴിലാളികളെ പോറ്റാൻ പാടുപെടുന്ന പൊതുജനങ്ങൾക്കു കിട്ടുന്ന ശിക്ഷ. മനസ്സിൽ സകല ഇലക്ട്രിസിറ്റികാരേയും ചീത്തവിളിക്കാനാണ് തോന്നിയത്. എന്നാൽ താനൊരു പെണ്ണാണെന്ന ബോധം മനസ്സിലിരുന്നു വിലക്കി. ഇന്നലെ രാത്രിയിൽ താനൊരു പോള കണ്ണടച്ചിട്ടില്ല.

ഗൗരീശ്വരി എഴുന്നേറ്റ് ഇടനാഴികയിൽ വെച്ച തൂക്കുവിളക്കിലെ തിരികൾക്ക് തീ കൊളുത്തി. ഇരു ട്ടായി കിടക്കുന്നിടത്ത് വെട്ടം വന്നപ്പോൾ മനസ്സിനൊ രാശ്വാസംപോലെ. ഓർത്താൽ ഇപ്പോൾ തന്റെ മന സ്സിലും ഇരുട്ടല്ലേ?... കണ്ണെത്താദൂരെ നീണ്ടുപരന്നു കിടക്കുന്ന കൂരിരുട്ട്. കൂരിരുട്ടായി കിടക്കുന്ന തന്റെ മനസ്സിലേക്ക് പ്രകാശത്തിന്റെ ഒരു കണികയെങ്കിലും വന്നെത്താതിരുന്നെങ്കിലോ?... ഈശ്വരാ... ഇന്നലെ താൻ കാരണമല്ലേ?....

അച്ഛനെ കുറിച്ചോർത്തപ്പോൾ ഗൗരീശ്വരിയുടെ കണ്ണുകൾ നിറഞ്ഞു.

ഇന്നലെ രാത്രിയിൽ അച്ഛൻ ഒരു വക കഴിച്ചിട്ടി ല്ല. തന്നെകുറിച്ച് ഓർത്ത് അച്ഛൻ സദാ വേവലാതി യിലാണെന്ന് തനിക്കും നല്ലപോലെ അറിവുള്ളതാണ്. അമ്മയുടെ മനസ്സിലും തന്നെ കുറിച്ചോർത്ത് ഒരു സമാധാനവുമില്ലാതായിരിക്കുന്നു. ഇതിനെല്ലാം കാരണം രവിയേട്ടന്റെ താന്തോന്നിയായുള്ള ജീവി തവും കള്ളുകുടിയുമല്ലേ? ചിലപ്പോഴൊക്കെ രവിയേ ട്ടനോട് സ്നേഹത്തെക്കാളേറെ പകയാണുദിക്കാറ് മനസ്സിൽ. എന്തൊരു ജീവിതമാണ് അദ്ദേഹത്തിന്റേ ത്. ശൈശവത്തിൽ തന്റെ കഴുത്തിൽ മിന്നുകെട്ടിയ പ്രതിശ്രുത വരനാണു പോലും. ഗൗരീശ്വരിയുടെ മന സ്സിൽ ചിലപ്പോഴെന്നപോലെ അയാളോടുള്ള അമർഷം നുരഞ്ഞുപൊങ്ങി ശരീരമാകെ വൈദ്യുത പ്രവാഹമേറ്റതുപോലെ നിന്നു വിറച്ചു.

ഈശ്വരാ താനെന്താണ് ചിന്തിക്കുന്നത്. ഗൗരീ ശ്വരിയുടെ ഉള്ളൊന്നുപിടഞ്ഞു. മനസ്സിന്റെ ബലക്ഷ യത്തിൽ ശരീരം തളർന്ന് കണ്ണിൽ ഇരുട്ടുകയറുന്ന തുപോലെ. സ്വയം ചോദിച്ചു പോയി. തനിക്കദ്ദേഹ ത്തോടു സ്നേഹമുണ്ടോ?... വിരസതയോടെ മനസ്സാ വർത്തിച്ചാവർത്തിച്ച് ചോദിച്ചു. ഉണ്ടോ....?

ഉണ്ടാകാതിരിക്കാൻ ഇടയില്ല. കാരണം വർഷ ങ്ങൾക്കു മുന്നേ ഇങ്ങനെയൊന്നുമല്ലായിരുന്നല്ലോ അദ്ദേഹം. ആന്തരികമനസ്സാണ് ഉത്തരം പറയുന്നത്. അത് സത്യമല്ലേ....? തനിക്ക് രവിയേട്ടനോട് സ്നേഹ മില്ലേ? ഗൗരീശ്വരിയുടെ മനസ്സ് പിന്നേയും ബാല്യ കാലത്തിലേക്ക് സഞ്ചരിച്ചു.

**5**

പ്രഭാതത്തിലെ സൂര്യകിരണങ്ങൾക്ക് ചൂടുകൂടി. കൽമണ്ഡപത്തിലെ സിമന്റുതറ സൂര്യാഘാതമേറ്റ് പൊള്ളി ശരീരം ചൂട്ടുപഴുത്തപ്പോൾ രവിവർമ്മ ചിന്ത യിൽ നിന്ന് പെട്ടെന്ന് ഞെട്ടി ഉണർന്നു. മനസ്സിൽ ചില കണക്കുകൂട്ടലുകളെല്ലാം കൂട്ടിയിട്ടുണ്ട്. ഇന്നെന്താ യാലും ഗൗരീശ്വരിയെ കാണണം. ഒമ്പതുമണിയെ ങ്കിലുമാകും ഗൗരീശ്വരി വീട്ടിൽ നിന്നു നടന്നു കൽമ ണ്ഡപത്തിനടുത്തെത്താൻ. പിന്നേയും ഒരു മൈൽസ് നടന്നാൽ അവൾക്ക് ടൗണിലേക്കുള്ള ബസ്സു കിട്ടും. പിന്നീടൊരിക്കലും അവളെ ഈ ആഴ്ച കാണാൻ പറ്റില്ല. ഹോസ്റ്റലിലായിരിക്കും പിന്നീടുള്ള ദിവസ ങ്ങൾ. തന്റെ തീരുമാനം ഉറച്ചതാണ്. ഇന്ന് ഗൗരീശ്വ രിയെ കണ്ട് വിവാഹത്തെകുറിച്ചുള്ള കാര്യങ്ങൾ സംസാരിക്കണം.

രവിവർമ്മ എഴുന്നേറ്റ് ആൽതറക്കരുകിലുള്ള കിണറ്റിൻകരയിലേക്ക് നടന്നു. തോർത്ത് കൈയിൽ കരുതിയത് നന്നായി. മനസ്സു തണുക്കുന്നതുവരെ തലയിൽ വെള്ളം കോരിയൊഴിച്ചു. ഇന്നലത്തെ മദ്യ ത്തിന്റെ കെട്ടിന് അയവ് വന്നിട്ടുണ്ട്. ഷർട്ടും മുണ്ടും മാറി രവിവർമ്മ ഗൗരീശ്വരിയേയും കാത്ത് കൽമണ്ഡ പത്തിലിരുന്നു.

**6**

രവിയേട്ടനെക്കുറിച്ച് തന്റെ മനസ്സിൽ എന്തെ ല്ലാമോ കണക്കുകൂട്ടലുകളുണ്ട്. അതു പിഴച്ചതുകൊ ണ്ടാകാം അല്ലെങ്കിൽ വരും കാലത്തെക്കുറിച്ചുള്ള ആധിയാകാം മനസ്സാകെ മുരടിച്ച് - ബാല്യം നഷ്ട പ്പെട്ടതുപോലെ കണ്ണുകൾക്ക് കീഴെ കറുത്തവരകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ടിപ്പോൾ. സ്വർണ്ണ ത്തിന്റെ നിറമുള്ള തന്റെ പണ്ടത്തെ മേനിയഴകും ഇന്നി ല്ല. ഒരു റോസാ പൂവിനെ വലംവെച്ചു പറക്കുന്ന മധു പനെപോലെ തനിക്കുചുറ്റും പറക്കുകയാണിപ്പോഴും ഗൗരീശ്വരിയുടെ ചിന്തകൾ. എന്തേയ് തനിക്ക് പറ്റിയത്? ഈ ഇളംപ്രായത്തിലെ തന്റെ സ്വപ്നങ്ങൾ വാടികരി ഞ്ഞുപോകുമെന്നുള്ള ആധിയാണോ തന്നെ ഈ നില യിലാക്കിയത്. മനസ്സാണല്ലോ ഒരു മനുഷ്യന് സൗന്ദ ര്യവും സന്തോഷവും നൽകുന്നത്. സന്തോഷമില്ലാത്ത മനസ്സുള്ളിടത്ത് സൗന്ദര്യമോ, പ്രാണനോ ഒന്നും തന്നെ യില്ല. തന്റെ മനസ്സിലും ഇന്ന് സന്തോഷമോ, പ്രാണ നോ ഇല്ല. ഒരു യാന്ത്രികത മനസ്സിനെയാകെ പിടികൂ ടിയിട്ടുണ്ട്. എരിചട്ടിയിൽനിന്ന് വറചട്ടിയിലേക്കമർന്ന അവസ്ഥ.

കതിരോന്റെ വെളിച്ചത്തിന് ചൂട് അല്പാല്പമായി കൂടുകയാണ്. പ്രഭാതജോലികൾ എത്രയും പെട്ടെന്ന് തീർക്കണം. കുളികഴിഞ്ഞാൽ അച്ഛനേയും അമ്മ യേയും വിളിച്ചുണർത്താം. എട്ടുമണിക്ക് ഇവിടെനിന്നും ഇറങ്ങിയിട്ടില്ലെങ്കിൽ ടൗണിലേക്ക് ബസ്സ് കിട്ടാൻ പിന്നീട് ബുദ്ധിമുട്ടാകും. അച്ഛനേയും അമ്മയേയും വിളിച്ചുണർത്തി പ്രഭാതഭക്ഷണം കഴിപ്പിച്ചശേഷം ബാഗും കുടയുമെടുത്ത് ഗൗരീശ്വരി ഹോസ്റ്റലിലേക്കി റങ്ങി. വഴിയിൽ രവിയേട്ടനെ കാണാതിരിക്കണേ ഇടർച്ചയോടെ മനസ്സിൽ സകല ദൈവങ്ങളേയും പ്രാർത്ഥിച്ചുകൊണ്ട് അതിവേഗത്തിൽ ബസ്സ്റ്റോപ്പി ലേക്ക് നടന്നു. ഒരുനാഴികയോളം നടന്നാലേ ബസ്സ്റ്റോപ്പിലെത്തുകയുള്ളൂ. നടക്കുകയല്ല ഓടുക യാണ് ഗൗരീശ്വരി.

അല്പദൂരം നടന്നതേയുള്ളൂ. ദൂരെനിന്നേ ഗൗരീ ശ്വരി രവിവർമ്മയെ കണ്ടു. കൽമണ്ഡപത്തിനരുകിൽ നിൽക്കുകയാണദ്ദേഹം. തന്നെ കണ്ടിട്ടില്ലെന്നു തോന്നു ന്നു. അല്ലെങ്കിൽ തന്നെ കണ്ടില്ലെന്ന് നടിക്കയാവാം. ഗൗരീശ്വരി രണ്ടും കൽപ്പിച്ചു മുന്നോട്ടേക്കു നടന്നു. എന്തായാലും രവിയേട്ടനോട് മിണ്ടാനേ പോകണ്ട. ഗൗരീശ്വരി മനസ്സിൽ ഒരു ഉറച്ച തീരുമാനവുമെടുത്തു. പക്ഷേ, അടുക്കുന്തോറും മനസ്സിലെ മഞ്ഞുരുകുകയാ ണ്. അത് തന്നെയാകും അദ്ദേഹവും കരുതുന്നത്. തമ്മിൽ കണ്ടാൽ തന്റെ മനസ്സുരുകുമെന്ന് അദ്ദേഹത്തി നറിയാം. കുട്ടിക്കാലം മുതലേ അദ്ദേഹം തന്റെ പിണക്കം അങ്ങിനെയായിരുന്നല്ലോ തീർത്തിരുന്നത്. ഇന്നെന്തായാലും അതിനൊരവസരം കൊടുക്കരുത്. ഗൗരീശ്വരി മനസ്സിനെ ദൃഢമാക്കി ആകാവുന്നിട ത്തോളം മുഖം ഗൗരവമാക്കി രവിവർമ്മയേയും കടന്ന് മുന്നോട്ടേക്ക് നടന്നു. അദ്ദേഹത്തെ തോല്പിക്കുമ്പോ ഴെല്ലാം തന്റെ മനസ്സിനെന്തോ ഒരു സുഖംപോലെ. അത്രമാത്രം തന്നെ തീ തീറ്റിച്ചിട്ടുണ്ടല്ലോ. ചെറുപ്പംമു തൽ അനുഭവിക്കന്ന വേദനയാണ്. തനിക്കദ്ദേഹത്തോട് സ്നേഹമില്ലാഞ്ഞിട്ടല്ല. അനുരാഗമില്ലാഞ്ഞിട്ടും അല്ല. ഏതൊരു പെണ്ണും ആഗ്രഹിക്കുന്ന സൗന്ദര്യമുണ്ടദ്ദേ ഹത്തിന്. ആരോഗ്യദൃഢഗാത്രനുമാണ്. പക്ഷേ, ഇങ്ങ നെയുമുണ്ടോ ഒരു സ്വഭാവം. ആദ്യമെല്ലാം ലഹരി പദാർത്ഥങ്ങളൊന്നും ഉപയോഗിക്കാതിരുന്ന അദ്ദേഹം പിന്നെയെന്തേ ഇങ്ങനെയായി. ഒരുപക്ഷേ തന്റെ അദ്ദേ ഹത്തിനോടുള്ള സമീപനവും ഒരു കാരണമായിരി ക്കാം. എന്തായാലും എന്നായാലും തന്റെ ഭർത്താവാ കാനുള്ളതല്ലേ അദ്ദേഹം. ഗൗരീശ്വരിക്ക് ഹൃദയ ത്തിൽനിന്നെന്തോ ആവിയായി വാക്കുകളിലൂടെ പുറ ത്തേക്ക് തള്ളുന്നതായി തോന്നി. ഒരുപക്ഷേ, ഇതാകാം അനുരാഗം അല്ലെങ്കിൽ ഉള്ളിൽ അടക്കിവെച്ച സ്നേഹം. ഗൗരീശ്വരി ഒരു സാധാരണ കാമുകിയാകു കയാണ്.

ഗൗരീശ്വരീ.....

അദ്ദേഹമാണ്. ഏതോ മുജ്ജന്മബന്ധമെന്നപോലെ തന്റെ കളികൂട്ടുകാരന്റെ ശബ്ദം. അത് ഇന്നിന്റേതല്ല. എന്നോ തുടങ്ങിയ തന്റെ സ്വപ്നങ്ങളെ തഴുകിയുണർത്തിയ, തന്റെ മനസ്സിലുള്ള അനുരാഗം ഹൃദയത്തിലൂടെ പലപ്പോഴായി കവർന്നെടുത്ത തന്റെ കൗമാര സ്വപ്നത്തിലെ കാമുകനും ഭർത്താവുമായ



തന്റെ രവിയേട്ടന്റേതാണ്.

സ്വയമറിയാതെ ഗൗരീശ്വരി നിന്നു. തന്റെ ദൃഢമാ ക്കിയ തീരുമാനങ്ങളെല്ലാം പടിഞ്ഞാറൻ കാറ്റിന്റെ തലോടലേറ്റ് കീഴ്മേൽ മറിഞ്ഞതുപോലെ. ഗൗരീശ്വ രിയുടെ മനസ്സിൽ വർഷങ്ങളായി കെട്ടികിടന്നിരുന്ന സ്നേഹം അണപൊട്ടി ഒഴുകാൻ തുടങ്ങി. പളുങ്കുചി ല്ലുകൾ പോലെ ചിതറികിടക്കുന്ന തന്റെ കണ്ണിലെ നീരു റവകളിൽ ഒളിഞ്ഞുകിടക്കുന്ന വജ്രബാഷ്പങ്ങൾ സൂര്യകിരണങ്ങളേറ്റ് വെട്ടിത്തിളങ്ങി. ആ വെട്ടമൊരു സന്തോഷജീവിതത്തിന്റെ നാന്ദി കുറിക്കലാകാം. അല്ലെ ങ്കിൽ വരുംകാലജീവിതത്തിന്റെ സന്തോഷകരമായ നാളുകളുടെ വർണ്ണജീവിതം തളിർത്തതാകാം. ഗൗരീ ശ്വരിയുടെ മനസ്സ് അനുരാഗത്തിന്റെ സ്വർണ്ണരഥത്തി ലേറി അവളറിയാതെ മുന്നോട്ടേക്കു നടന്നു രവിവർമ്മ യുടെ ബലിഷ്ടമായ കരവലയങ്ങളിലമർന്നു. ■

**കഥ**



നക്ഷത്രരാജ്യം മാസിക ലക്കം 2008 ഒക്ടോബർ

# മഞ്ഞുപാളികളിൽ നിഴലുകൾ പുകയുമ്പോൾ

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**




**രാ**വുണ്ണി മയക്കത്തിൽ നിന്ന് ഞെട്ടി ഉണർന്ന് ജാള്യതയോടെ നാലുപാടും ഒന്നു കണ്ണോടിച്ചു. ഫ്ളാറ്റ്ഫോമിൽ വരിവരിയായി നിരന്നു കിടക്കുന്ന ബഞ്ചുകളിൽ പലതിലും പതിവു ഉറക്കക്കാരായ ഭിക്ഷക്കാരാണ് അന്തി ഉറങ്ങുന്നത്.

അഭിമാനബോധം അയാളുടെ സിരകളിൽ ഉരുണ്ടു കൂടി. അത് ബുദ്ധിയായി നുരഞ്ഞുപൊങ്ങി മുകളിലേക്കുയർന്നു വന്നു.

അവരുടെ കൂടെ ബഞ്ചിൽ ഇരുന്നു മയങ്ങിയ തന്നെ പരിചയക്കാരാരെങ്കിലും കണ്ടിരുന്നെങ്കിൽ? മാത്രവുമല്ല...!

മാരകരോഗങ്ങൾക്കടിമയായവരാണവരിൽപലരുമെന്ന വിചാരം ഒരു കൊള്ളിയാനായി തലച്ചോറിലെ ഞരമ്പുകളിലൂടെ മനസ്സിൽ ഒരു ടെലിവിഷനിലെന്ന വണ്ണം മിന്നിമറഞ്ഞു.

ചിന്തകൾക്ക് ചിറകുകൾ മുളക്കുന്നതുപോലെ തോന്നി രാവുണ്ണിക്ക്.

പുലർച്ചക്ക് സ്റ്റേഷനിലെത്തിച്ചേരുന്ന പാസഞ്ചർ വണ്ടിക്ക് ഇത്ര നേരത്തെ റെയിൽവേസ്റ്റേഷനിലേക്ക് പോരുവാൻ തോന്നിച്ച ബുദ്ധിയെ സ്വയം ശകാരിച്ചു കൊണ്ട് അയാൾ ബഞ്ചിൽ നിന്നു എഴുന്നേറ്റു ഒന്നു മൂരിനിവർന്നു.

രണ്ടുമണിക്കൂറിൽ അധികം സമയമായി റെയിൽവെ സ്റ്റേഷനിൽ വന്നിരിക്കാൻ തുടങ്ങിയിട്ട്. ഒരേ ഇരുപ്പിൽ ഇരുന്നതുകൊണ്ടാകും തല്ലിചതച്ചതുപോലെ അയാളുടെ മേലാസകലം വേദനിക്കുന്നുണ്ട്.

ഫ്ളാറ്റ്ഫോമിലെ ചുമരിൽ തൂക്കിയിട്ടിരിക്കുന്ന ക്ലോക്കിൽ സമയം പതിനൊന്നു മണിയായി. ഇന്നത്തെ അവസാനത്തെ വണ്ടിയും സ്റ്റേഷൻ കടന്നു പോകുന്നതിനുള്ള പച്ച റാന്തലും പച്ച കൊടിയുമായി സ്റ്റേഷൻ മാസ്റ്റർ അകത്ത് നിന്ന് ഫ്ളാറ്റ്ഫോമിലേക്ക് ഇറങ്ങി വന്നു. തെക്കുനിന്നും വരുവാനുള്ള വാരണാസി എക്സ്പ്രസ്സാണ് ഇനി ഈ സ്റ്റേഷനിലൂടെ കടന്നുപോകുവാനുള്ള ഏക വണ്ടി.

രാത്രിക്ക് കട്ടി കൂടിവരുകയാണ്. ആകാശത്തിലെ കറുത്തിരുണ്ട നീല മേലാപ്പിൽ ഒളിഞ്ഞിരിക്കുകയാണിപ്പോഴും ചന്ദ്രൻ.

ഭൂമി നീലാകാശത്തിലെ മേഘങ്ങളേയും നക്ഷത്രങ്ങളേയും ദൂരെനിന്നു പ്രണയിക്കുകയാണോ എന്നു തോന്നുമാറ് ഒരു ഇല പോലും അനങ്ങാതെ നിശ്ശബ്ദയായി ദുഃഖമാചരിച്ച് ഒരു കൂടിക്കാഴ്ചക്ക് ഒത്തുചേരുന്നതിനു മ്ലാനവദയായി പരിഭവത്തോടെ നിൽക്കുകയാണിപ്പോഴും.

അയാൾ ചുറ്റുപാടും ഒന്നു കണ്ണോടിച്ചുനോക്കി. വിജനമായ സ്റ്റേഷൻ വരാന്തയിൽ യാത്രക്കാർ ആരും തന്നെ ഇല്ല.

മേയാൻ ഇറങ്ങിയ കുറച്ചു പശുക്കളും ആടുകളും അവിടവിടെയായി കൂടി നിൽക്കുന്നതുകാണാം. അവർ അവരുടേതായ ഭാഷയിൽ പരസ്പരം സ്നേഹ പ്രകടനങ്ങളും പരിഭവങ്ങളും പ്രകടിപ്പിക്കുന്നുണ്ട്. നേരത്തെ ഉറങ്ങിയതിന്റെ മയക്കം വിട്ടുണരാത്ത അർദ്ധപ്രജ്ഞയിൽ നിന്നുകൊണ്ട് മുന്നിലുള്ള നാൽക്കാലികളെ നോക്കി രാവുണ്ണി ഓർത്തു. മനുഷ്യരെപോലെയൊന്നമല്ല ആ ജീവികൾ.

തമ്മിൽ തമ്മിൽ വഴക്കോ, അസൂയയോ, കുശുമ്പോ ഇല്ല അവർക്ക്. മാത്രവും അല്ല...

എന്ത് നല്ല സ്നേഹത്തോടെയാണ് അവര് സഹവസിക്കുന്നത്. ആരുടെ മനസ്സിനേയും ഉദ്ദീപിക്കുന്ന രസമുള്ള നല്ല കാഴ്ചയായി തോന്നും ഏവർക്കുമെന്നുള്ളത് ഉറപ്പാണ്.

സ്റ്റേഷനുപുറത്തുള്ള വൃക്ഷത്തിലെ കൊമ്പുകളിൽ നിന്ന് കുഞ്ഞികിളിയുടെ കരച്ചിൽ മെല്ലെ അമ്മകിളിയുടെ താരാട്ടിൽ അലിഞ്ഞലിഞ്ഞില്ലാതായി.

അങ്ങു ദൂരെ കാമുകന്റെ പാട്ടിനൊത്ത് നൃത്തം ചെയ്യുന്ന കാമുകിയെപോലെ അറബികടലിലെ തിരമാലകൾ ഇളകിമറിഞ്ഞു താണ്ഡവമാടുന്ന ചില മ്പൊലി ശബ്ദം അന്തർധമനികളിലൂടെ റെയിൽവേ സ്റ്റേഷനിലെ വരാന്തയിൽ ഇരുന്നാൽ ഇവിടെ നിന്നു കേൾക്കാം.

പുറത്തെ ഇരുളിൽ നിന്നും ഒരു യുവതിയുടെ എതിർപ്പിന്റെ അവ്യക്തമായ ശബ്ദത്തോടൊപ്പം കുറ്റികാടുകൾ ഇളകുന്നതുപോലെ. പാളങ്ങൾക്കരികിൽ നിന്നു എന്തെല്ലാമോ നിഴലുകൾ കാണുന്നുണ്ട്.

അധികം അകലെയല്ലാതെ നിഴലുകള നോക്കി ഒരു കാഴ്ചകാരനായി പരിതപിച്ചു നിൽക്കുകയാണെന്നു തോന്നും ഒരു കണ്ഠൻ പൂച്ചയുടെ നിൽപുകണ്ടാൽ. പൂച്ച ആരെയോ ഭയപ്പെട്ടന്നവണ്ണം പെട്ടെന്ന് ദൂരേക്ക് ഓടി ഒരു പതിവു കാഴ്ചകാരനെപോലെ ഒരു മരത്തിനു മുകളിൽ കയറി ഇരുന്നു.

കണ്ടാൽ ദൂരെ നിന്നും വരുന്ന ഒരു വാഹനത്തിന്റെ ഹെഡ്ലൈറ്റ് പോലെ തോന്നും. പൂച്ചയുടെ കണ്ണുകളിൽ നിന്ന് നിഴലുകൾ കാണുന്നിടത്തേക്ക് ഒരു ക്യേമറഫ്ളാഷ് പോലെ ശ്രദ്ധയോടെ പ്രകാശം ചൊരിഞ്ഞു കൊണ്ടിരിക്കയാണിപ്പോഴും.

ഭയം അരിച്ചുകയറിയതുകൊണ്ടാണോ എന്തോ മനസ്സിനൊരു മരവിപ്പ്.

പൂച്ച അപ്പോഴും മരത്തിനു മുകളിൽ തന്നെ അള്ളിപിടിച്ചിരിക്കുകയാണ്.

പൂച്ചയെ പിന്നീട് അയാൾ ശ്രദ്ധിക്കാൻ പോയില്ല.

സ്റ്റേഷൻ പരിസരത്ത് വരിവരി ആയി നിൽക്കുന്ന മരങ്ങളിലെ ഇലകൾ മഞ്ഞിൽ കുളിച്ച് ഒരു തലനരച്ച അപ്പൂപ്പനെപോലെ തല ഉയർത്തി നിൽക്കുകയാണ്.

കലപിലകൂട്ടുന്ന പക്ഷികൾ മാറി മാറി ഇരിക്കുന്ന മരകൊമ്പുകളിൽ നിന്ന് ഇടക്കിടെ അത്തിപഴങ്ങൾ പോലെ ഐസ് കഷണങ്ങൾ താഴേക്കു വീഴുന്നുണ്ട്. പുറത്ത് നല്ല തണുപ്പ്.

അയാൾക്ക് പോകുവാനുള്ള പാസഞ്ചർ വണ്ടി പുലർച്ചെ നാലു മണിക്കേ വരുകയുള്ളു.

പതിനൊന്ന് മണിക്ക് വരുവാനുള്ള വരണാസി എക്സ്പ്രസ്സിന്റെ ദൂരെനിന്നുള്ള ചൂളംവിളി കേൾക്കുന്നുണ്ട്. വണ്ടി അമിതവേഗതയിലാണ് വരുന്നതെന്ന് ശബ്ദം കേൾക്കുന്നതിൽനിന്നു തന്നെ തിരിച്ചറിയാൻ കഴിയും. എക്സ്പ്രസ്സ് ട്രെയിനുകൾക്ക് ഒന്നും ഈ സ്റ്റേഷനിൽ സ്റ്റോപ്പ് ഇല്ലെന്ന കാര്യം രാവുണ്ണി ഓർത്തു.

സ്റ്റേഷൻ മാസ്റ്റർ വരാന്തയിൽ റാന്തലും കൊടിയുമായി ഉറക്കച്ചടവോടെ വണ്ടിയെ കാത്ത് ഒരു നോക്കുകുത്തിപോലെ നിൽക്കുകയാണ്.

വരണാസി എക്സ്പ്രസ്സ് സ്റ്റേഷനിലൂടെ കടന്നു പോയാൽ പിന്നീട് അയാൾക്ക് നാലുമണിക്ക് പാസഞ്ചർ എത്തുന്നതുവരെ സുഖമായി ഉറങ്ങാം. അതിന്റെ സന്തോഷം അയാളുടെ മുഖത്ത് റാന്തലിന്റെ വെട്ടത്തിൽ നന്നായി തെളിയുന്നുണ്ട്.

പിന്നീടുള്ള കുറച്ചു നിമിഷങ്ങൾ ഭൂമികുലുങ്ങുന്നതുപോലെ തോന്നി. ചിന്തയിൽനിന്ന് രാവുണ്ണി ഞെട്ടിഉണർന്നു.

അപ്പോഴേക്കും വരണാസി എക്സ്പ്രസ്സ് സ്റ്റേഷൻ കടന്നുപോയിരുന്നു. സ്റ്റേഷൻ മാസ്റ്റർ കൊടിയും റാന്തലുമായി അകത്തെ മുറിയിലേക്ക് കയറി. പാളത്തിനടുത്തുള്ള സ്റ്റീൽ കമ്പനിയിലെ സൈറൻ ഉച്ചത്തിൽ ഒന്നു നിലവിളിക്കുകയും മരണം നടന്ന വീട്ടിലെ കുടുംബാംഗങ്ങളുടെ നിലവിളിപ്പോലെ പിന്നീട് അത് നേർത്ത് അകന്നുപോകുകയും ചെയ്തു.

കുറച്ചുനേരം കൂടി അയാൾ വരാന്തയിൽ വെറുതെ ഇരുന്നു.

അപ്പോഴാണ് ദൂരെ നിന്നും രാവുണ്ണി ആ കാഴ്ച കാണുന്നത്.

സ്റ്റേഷനരികിലുള്ള കുറ്റികാട്ടിൽ നിന്ന് കുറെ അധികം മിന്നാമിനുങ്ങുകൾ മിന്നുന്നുണ്ട്. ഒരു തീപന്തം പോലെ അത് അവിടവിടെ നിന്ന് കത്തി ജ്വലിക്കുകയാണ് കുറ്റികാട്ടിൽ. അന്തം വിട്ടു ഇരുന്നു പോയി അയാൾ.

മിന്നാമിനുങ്ങുകൾക്ക് തീക്കട്ടയുടെ ജ്വാലയോ? വിശ്വസിക്കുവാനേ കഴിയുന്നില്ല.

വിണ്ടും ഒരിക്കൽ കൂടി വെളിച്ചത്തിലേക്ക് രാവുണ്ണി ഒന്നു തറപ്പിച്ചു നോക്കി.

നാലഞ്ചുപേർ അടുത്തടുത്തായി നിന്നു ബീഡി വലിക്കുന്നതിന്റെ വെളിച്ചമാണത്. ഇപ്പോൾ വെളിച്ചവുമായുള്ള ദൂരം കുറഞ്ഞ് കാഴ്ചകൾ വ്യക്തമാകുന്നുണ്ട്. കൂട്ടത്തിൽ ഒരാൾ മുന്നേട്ടേക്കു നടന്നു

എന്തോ ആംഗ്യം അയാൾ കാണിച്ചു. അവർ നാലഞ്ചുപേരുണ്ട്. പിന്നാലെ ഒരു യുവതിയെ റെയിൽവേ ട്രേക്കിലേക്കെടുത്തുകൊണ്ടുവരുകയാണവർ.

മുന്നേ വന്ന കൂട്ടത്തിൽ തലവനെന്നു തോന്നുന്ന ആൾ പാത്തും പതുങ്ങിയും മുന്നിൽ നടന്നുവന്ന് അടുത്തൊന്നും ആളുകളില്ലെന്ന് നോക്കി ഉറപ്പുവരുത്തി. യുവതിയെ റെയിൽവേ ട്രേക്കിനുമുകളിൽ വിലങ്ങനെ കിടത്തി അവർ ഇരുളിൽ മറഞ്ഞു.

രാവുണ്ണി നാലുഭാഗത്തേക്കും ഒന്നു നോക്കി. അടുത്തെങ്ങും ആരുമില്ല. വേറാരും ഇതു കണ്ടിട്ടും ഇല്ല.

പേടിച്ചുപോയ അയാൾ സംസാരിക്കുവാനാകുവാതെ വിറങ്ങലിച്ചു ഇരുന്നുപോയി.

റെയിൽവേ ട്രാക്കിൽ കിടക്കുന്ന പച്ചപുള്ളി പാവാടയും മഞ്ഞപുള്ളിയുള്ള ജാക്കറ്റിനുമുകളിൽ പച്ച ധാവണിയും ധരിച്ച യുവതിയാണിപ്പോഴും ഇമകളിൽ.

തൊണ്ട അടഞ്ഞുതന്നെ കിടന്നു.

ഒരു പിഞ്ചു കുഞ്ഞിന്റെ കരവിരുതിൽ ചായം തേച്ചതുപോലുള്ള ആകാശത്തേക്ക് പാളങ്ങൾക്കരികിലുള്ള ഫാക്ടറികളിലെ പുകകുഴലുകൾ സൂര്യോദയം തടസ്ഥപ്പെടുത്തുവാനെന്നവണ്ണം ഒരു ഭീമാകാരനായി കറുത്തപുകതുപ്പിക്കൊണ്ട് നിൽക്കുന്നതുകണ്ട് ഒരു കൂട്ടം പക്ഷികൾ ഭയന്നുവഴിമാറിപറന്നു. വിദൂരതയിലേക്ക് പറന്നു മറയുന്നതുവരെ അയാൾ പക്ഷികളെ തന്നെ നോക്കി നിന്നു.

സമയം പുലരാറായി. ആകാശത്ത് വെള്ളി ഉദിച്ചു.

തനിക്കു പോകുവാനുള്ള വണ്ടിയുടെ പ്രകാശിക്കുന്ന കണ്ണുകൾ രാവുണ്ണി ദൂരെ നിന്നു തന്നെ കണ്ടു.

ഒരു നിയോഗം പോലെ ഉറക്കച്ചടവോടെ നിൽക്കുന്ന സ്റ്റേഷൻമാസ്റ്ററുടെ ചുകപ്പ് കൊടികണ്ടോ എന്തോ വണ്ടി സ്റ്റേഷനിൽ പാളത്തിൽ നിരങ്ങി.

പിന്നീട് ഒരു കുലുക്കത്തോടെ ആടി ഉലഞ്ഞുനിന്നു.

രാവുണ്ണി ബേഗുമെടുത്ത് തന്റെ സീറ്റിനടുത്തേക്ക് ഓടി മുഖം പൊത്തി ഇരുന്നു.

പാളത്തിൽകിടക്കുന്ന യുവതിയുടെ നെഞ്ചിൻകൂടു തകർത്തു ഉരുളുന്ന ചക്രങ്ങൾ വഹിക്കുന്ന ബോഗിക്ക് അകത്തിരുന്ന് അയാൾ വിയർത്തു കുളിച്ചു.

ഇരുമ്പും ഇരുമ്പും തമ്മിൽ ഉരയുന്ന ചടുലമായ വണ്ടിയുടെ ശബ്ദത്തിനു കട്ടികൂടുകയാണിപ്പോഴും അയാളുടെ ചെവികളിലും ഇമകളിലും. ■

---

## കഥ



നക്ഷത്രരാജ്യം മാസിക ലക്കം 2009 ഏപ്രിൽ

# സ്വദേശികളുടെ ചരമപത്രം കൂട്ടം തെറ്റിയവരുടേയും

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

**ചി**ങ്ങമാസത്തിലെ മൂടിക്കെട്ടിയ ആകാശത്തിനുകീഴെ ചിണുങ്ങിക്കൊണ്ടു പെയ്യുന്ന മഴയിൽ നഗരസായാഹ്നം വിറങ്ങലിച്ചു.

വൈദ്യുതദീപങ്ങൾ കൊണ്ടലങ്കരിച്ച് നഗരം ഓണാഘോഷത്തിന് മാവേലി തമ്പുരാന്റെ പാദസ്പർശം കാതോർത്തിരിക്കുന്ന നേരത്താണ് പിന്നേയും കാശി നഗരത്തിലേക്ക് എത്തുന്നത്.

ഏതോ ഹോട്ടലിന്റെ അടുക്കളയിൽ നിന്ന് പൊരിച്ച കോഴിയിറച്ചിയുടെ ഗന്ധം മൂക്കിലേക്ക് അരിച്ചു കയറി. രണ്ടു ദിവസമായി എന്തെങ്കിലും കഴിച്ചിട്ട്. വിശപ്പ് സഹിച്ച് സഹിച്ച് ആമാശയത്തിന്റെ ജോലികൂടി കണ്ണ് ഏറ്റെടുത്തെന്ന് തോന്നുന്നു. കണ്ണ് കാണുന്നില്ല...

കാശി അപ്പോഴാണ് വിശപ്പിനെ കുറിച്ചോർത്തത്.

മൂന്നു നാലു ദിവസമായി നഗരത്തിൽ നിന്ന് പോലീസുകാരാട്ടിയോടിക്കുന്നു.

ഏതോ മന്ത്രിവന്നു നാടിനെ സുഭിക്ഷ സംസ്ഥാനമായി പ്രഖ്യാപിക്കാൻ പോകുന്നെന്ന് ആരോ പറയുന്നതുകേട്ടു. അതുകൊണ്ടാണത്രെ യാചകരേയും കടതിണ്ണയിലുറങ്ങുന്നവരേയും പോലീസുകാട്ടിയോടിക്കുന്നത്.

സായാഹ്ന സൂര്യൻ ചെഞ്ചായം തേച്ച ആകാശത്തിലിപ്പോൾ അങ്ങിങ്ങായി വാർദ്ധക്യത്തിന്റെ വെള്ളിനരകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

മരകൊമ്പുകളിലെവിടെയോ പക്ഷികൾ കൂട്ടത്തോടെ ചേക്കേറുന്ന കലപില ശബ്ദത്തിൽ, ഉള്ളിന്റെ ഉള്ളിൽ ആമാശയത്തിലെ വിഷസർപ്പങ്ങളുടെ ചീറ്റൽ ഞെരിഞ്ഞമരുകയാണ്.

കാശി ഹോട്ടലിനടുത്തേക്കു നടന്നു. മുന്നിൽ നല്ല പതുപതുത്ത കോഴിയിറച്ചി കൂട്ടികലർത്തിയ ചമ്പാ



വരി ചോറിന്റെ കൂമ്പാരം. അവന്റെ മനസ്സൊന്നു പിടഞ്ഞു

ഈ സ്റ്റാർ ഹോട്ടലിൽ വന്ന് ദിവസവും ഭക്ഷണം കഴിക്കുന്നവർ എത്ര ഭാഗ്യവാന്മാർ. അവൻ കുപ്പതൊട്ടിയിൽ നിന്ന് ഒരു പിടി വാരി വായിലേക്കിട്ടു. ഹോട്ടലിൽ നിന്ന് ഒഴുകിയെത്തുന്ന കാറ്റിനുപോലും രൂക്ഷമായ മദ്യത്തിന്റെ മത്ത്. അതിദ്രുതം വാരിതിന്നുന്ന അവനെ നോക്കി അകലെ നിന്ന് പട്ടികൾ അസ്വസ്ഥതയോടെ മുരണ്ടു. അവർക്കുള്ളതാണല്ലോ അവൻ തിന്നുന്നത്.

അകാലത്തിൽ മരണത്തിന്റെ കാലൊച്ച കേട്ടുകിടക്കുന്ന യുവതിയുടെ നിസ്സംഗ ഭാവത്തോടെ കോടമഞ്ഞ് നഗരത്തെ പ്രദിക്ഷണം വെക്കാൻ തുടങ്ങി. പടിഞ്ഞാറെ ആകാശത്തിലേക്ക് കരിമേഘങ്ങൾ ഒഴുകിയെത്തി ആകാശത്തിനെ ഭീമത്സകമാക്കി നിലകൊണ്ടു. കാശിയുടെ ചിന്താമണ്ഡലത്തിലേക്ക് ഇടിവാൾ പോലെ ഓർമ്മകൾ നുരഞ്ഞുപൊങ്ങി.

അവനെ കാണുന്നില്ലല്ലോ?

ഗീവർഗ്ഗീസ് അതാണവന്റെ പേര്.

പോലീസുകാരോടിക്കുന്നതിനിടയിൽ കൂട്ടം തെറ്റി ഓടിയതാണവൻ.

തന്നെപോലെ ഏതോ തെരുവിന്റെ മൂലയിൽ അവനും വിശപ്പ് സഹിച്ച് ഇരിക്കുന്നുണ്ടാവും. ഇപ്പോഴെങ്കിലും ഇവിടേക്ക് വരാൻ തോന്നിയത് തന്റെ ഭാഗ്യം. പാവം ഗീവർഗ്ഗീസ്.

**മി**നിഞ്ഞാന്നത്തെ സംഭവം കാശിയുടെ മനസ്സിലേക്ക് ഓടിയെത്തി. വടക്കുനിന്നും മദ്രാസ് മെയിൽ ഓടി ഇരച്ചുകൊണ്ട് സ്റ്റേഷനിൽ വന്നുനിന്നനേരം ആളുകൾ കൂട്ടത്തോടെ ഇറങ്ങുന്നതും കയറുന്നതും നോക്കിക്കൊണ്ടു ഗീവർഗ്ഗീസിനോടൊത്ത് റെയിൽവേ സ്റ്റേഷനിലെ മരബഞ്ചിൽ ഇരിക്കുകയായിരുന്നു. വല്ല ചുമടും കിട്ടിയാൽ ഇന്നത്തേക്ക് വിശപ്പടക്കാനുള്ള വഴിയായല്ലോ എന്നു കരുതിയതാണ്.

കാശി നമുക്കൊന്നു പോയിനോക്കാം. ഇവിടെ ഇരുന്നാൽ ഇന്ന് പള്ളപട്ടിണിയാകുമെന്നാണ് തോന്നുന്നത്. വല്ലവരുടേയും ചുമട് നമുക്ക് കയറി പിടിച്ചു വാങ്ങാം.

കാശിയുടെ മനസ്സ് വിശപ്പിന്റെ മൂടുപടമണിഞ്ഞു.

എന്നാലും അവനെ സമാധാനിപ്പിക്കാൻ വേണ്ടി പറഞ്ഞു.

വേണ്ടടാ. റെയിൽവേ പാസ്സുള്ള പോർട്ടർമാർ എടുക്കുന്ന ജോലിയാണത്. യൂണിയൻകാർ നമ്മൾ ചുമടെടുക്കുന്നതു കണ്ടാൽ തല്ലിയോടിക്കും. പൊല്ലാപ്പിനൊന്നും പോകണ്ട.

പുറത്ത് ആകാശത്തിൽ കൂട്ടത്തോടെ നക്ഷത്രങ്ങൾ അപ്പോഴേക്കും കണ്ണുതുറന്നു.

ഇരുട്ട് ഒരു കറുത്ത കരിമ്പടം പുതച്ച് ഭൂതത്താൻ മലയിലേക്ക് ഊർന്നിറങ്ങുന്നതും നോക്കിയിരുന്നു.

അന്നേരമാണ് ആ കാഴ്ചകാണുന്നത്.

അകലെ നാല്പത്തഞ്ചോളം വയസ്സുമതിക്കുന്ന ഒരു സ്ത്രീ വണ്ടിയിൽനിന്നും ഫ്ളാറ്റ്ഫോമിലിറങ്ങി. കൂടെ തന്റെ പ്രായം തോന്നിക്കുന്ന ഒരു കുട്ടിയും. തന്നെക്കാൾ പുഷ്ടിയുള്ള ശരീരം. വെളുത്തുചുകന്ന മുഖം. തനിക്കും പത്തുവയസ്സായെങ്കിലും അവനെപോലെ കുങ്കുമത്തിന്റെ നിറമോ പുഷ്ടിയുള്ള ശരീരമോ ഇല്ലല്ലോ? കാശി സ്വന്തം ശരീരത്തിലേക്കു നോക്കി. പൃഷ്ടം തേമ്പി മാംസം ഒട്ടി കുഴിയിലേക്കാണ്ടുപോയ ഓജസ്സില്ലാത്ത കണ്ണുകൾ. അവന്റെ അമ്മയുടെ കൈയിൽ തൂങ്ങി കുട്ടി വണ്ടിയിൽനിന്നിറങ്ങുന്നതു കണ്ടപ്പോൾ കശിയുടെ

കണ്ണുകളിൽ നനവൂറി.

അവനോർത്തു.

തനിക്കും ഒരമ്മയുണ്ടായിരുന്നെങ്കിൽ. ഏതോ തെരുവിന്റെ മൂലയിൽ അന്തികൂട്ടിന് പണവുമായി വരുന്ന ഏതോ ഒരു അച്ഛന്റെ മകനായി ഗവൺമെന്റ് ആശുപത്രിയിൽ താനും ജനിച്ചു. തന്റെ ജനനത്തോടെ തള്ളപക്ഷി സ്വന്തം ലാവണത്തിലേക്ക് പിൻവാങ്ങി.

ഏതെങ്കിലും തെരുവിന്റെ മൂലയിൽ അടച്ചിട്ട പീടിക തിണ്ണയിൽ തണുത്തു വിറങ്ങലിച്ചുകിടന്ന രാവുകൾ, കട്ടികൂടിയ ഇരുട്ടിൽ ഒച്ചിനെപോലെ ഭയം ഇരച്ചുകയറി ഉറക്കം വരാതെ കിടന്ന രാവുകളിലേക്ക് കാശിയുടെ മനസ്സ് മെല്ലെ ചേക്കേറി.

ഋതുക്കൾ ഒന്നൊന്നായി മാറി. അതിനൊപ്പം ജീവിക്കുവാനുള്ള ആവേശവും. അപ്പോഴേക്കും കാലത്തിന്റെ താളുകളിൽ തന്തയില്ലാത്ത തള്ളയില്ലാത്ത കാശി തെരുവിന്റെ മകനായി മാറിയിരുന്നു.

പാവം ഗീവർഗ്ഗീസ്സ്, തന്നെപ്പോലെതന്നെ ഏതോ ഒരു രാത്രിയിൽ ഈ തെരുവിലേക്ക് വന്നു. ഗീവർഗ്ഗീസ്സ് ബസ്സ്സ്റ്റാന്റിൽ വന്ന ദിവസം കാശിയുടെ മനസ്സിലേക്ക് ഇരച്ചുകയറി.

അന്ന് ഒരു ഞായറാഴ്ചയായിരുന്നു. ബസ്സ്സ്റ്റാന്റിലെ മാടക്കടയിൽ കാപ്പിയും കുടിച്ചു കൊണ്ടു നിൽക്കുമ്പോഴാണ് കണ്ടത്. തന്റെ പ്രായത്തിലുള്ള ഒരു കുട്ടിയുടെ പിന്നാലെ ഒരാൾ കൂട്ടം ഓടുന്നത് കണ്ട് നോക്കിയതാണ്.

മുന്നിൽ ഓടുന്ന കുട്ടി കൈയിൽ ഒരു കടലാസ്സു പൊതി പൊക്കിപിടിച്ചിട്ടുണ്ട്. അവൻ ഇടയ്ക്കിടെ തന്റെ പിന്നിലുള്ളവരെ ഭയത്തോടെ തിരിഞ്ഞു നോക്കുന്നു.

ആൾകൂട്ടത്തിന് മുന്നിലോടുന്ന മീശക്കാരൻ ചെറുക്കനെ തടത്തു നിർത്തുന്നതു കണ്ടു.

അപ്പോഴേക്കും മീശക്കാരന്റെ ബലിഷ്ടമായ കരങ്ങളിൽ കുട്ടി മുകളിലേക്ക് ഉയർന്നു കഴിഞ്ഞിരുന്നു.

ചുറ്റും കൂടിനിൽക്കുന്നവർ എന്തോ രസകരമായ കാഴ്ച കാണുമ്പോഴുണ്ടാകുന്ന സന്തോഷത്തിലാണ്.

ആൾകൂട്ടത്തിനിടയിൽ, തോളിലൊരു സഞ്ചിയും തൂക്കി മുഖം വടിക്കാതെ, കുളിക്കാത്ത ഒരു കണ്ണടക്കാരൻ – കണ്ടാൽ ഒരു ബുദ്ധി ജീവിയാണെന്നു തോന്നും. അയാളുടെ കമന്റ് കേട്ട് ജനക്കൂട്ടം നിർത്താതെ ഇളകി ചിരിക്കുന്നുണ്ട്.

മീശക്കാരന്റെ ചോരനിറമുള്ള കണ്ണുകളിലേക്ക് നോക്കി കുട്ടി ഉറക്കെ കരഞ്ഞു പറഞ്ഞു.

എന്നെ ഒന്നും ചെയ്യല്ലെ സാറെ, വിശന്നിട്ടാണ് ഞാനത് തട്ടി പറിച്ചത്. ഒന്നും ചെയ്യല്ലെ.

മീശക്കാരന്റെ മുഖം കൂടുതൽ രൗദ്രമാകുന്നതു കണ്ട കുട്ടിയുടെ കരച്ചിൽ ഭയത്തോടുകൂടിയ ഒരു തേങ്ങലായി തൊണ്ടയിൽ കുടുങ്ങി.

അതിനിടയിൽ ആൾകൂട്ടത്തിൽനിന്നാരോ പറയുന്നതുകേട്ടു. തെണ്ടിയാണ്. ചിലപ്പോൾ ഏതെങ്കിലും പോക്കറ്റടി സംഘത്തിൽപെട്ടവനായിരിക്കും. പോലീസിനെ ഏൽപ്പിക്കുന്നതാണ് നല്ലത്.

അതം കൂടി കേട്ടതോടെ മീശക്കാരന്റെ കൈക്കുള്ളിൽ ഞെരിയുന്ന കുട്ടി വലിയ വായിലെ നിലവിളിക്കാൻ തുടങ്ങി.

ശബ്ദം അസഹ്യമായി തോന്നിയതുകൊണ്ടോ എന്തോ മീശക്കാരൻ കുട്ടിയെ വായുവിൽ നിന്നും താഴേക്കിറക്കി നിറുത്തുന്നതു കണ്ടു.

പാവം ഇരതേടി ഇറങ്ങിയ സിംഹകൂട്ടത്തിനു നടുവിൽ കുടുങ്ങിയ മുയലിനെ പോലെ ആൾകൂട്ടത്തിനു നടുവിൽ കുട്ടി വിറച്ചുകൊണ്ടു നില്ക്കുമ്പോഴാണ് അത് സംഭവിച്ചത്. അവൻ അടുത്തു നിൽക്കുന്ന മീശക്കാരന്റെ ബൽറ്റിന്റെ ഉറയിലുള്ള കത്തിയെടുത്ത് അയാളെ കുത്തിയശേഷം ആൾകൂട്ടത്തിനുനേരെ തിരിഞ്ഞു.



ചോരപുരണ്ട കത്തിയുമായി നിൽക്കുന്ന അവനെ കണ്ട് ഭയപ്പെട്ട് ആളുകൾ ഒന്നൊന്നായി ഒഴിഞ്ഞു പോകുന്നതു കണ്ടു.

അവൻ അതിവേഗം ബസ്സ്സ്റ്റാന്റിന് പുറത്തേക്ക് ഓടി.

ഹൃദയത്തിലെവിടെയോ, ഒരു സൂചി കുത്തിയിറക്കുന്നതുപോലെ തോന്നി കാശിക്ക്. തന്നെപോലെ തന്നെ മറ്റൊരാൾ. അവനറിയാതെ അവന്റെ കൈ കവിൾതടത്തിലേക്കുയർന്നു. മൂന്നു വർഷങ്ങൾക്കു മുമ്പ് മകരമാസത്തിലെ കൊടും തണുപ്പിൽ വിറങ്ങലിച്ച ഒരു രാത്രി.

അതായിരുന്നു അവന്റെ മനസ്സിലപ്പോൾ.

അന്ന് പകൽ മുഴുവൻ ചുമടൊന്നും കിട്ടാതെ തളർന്നു വന്ന് അടച്ചിട്ട തുണികടയുടെ വരാന്തയിലേക്ക് രാത്രി ചാക്ക് വിരിച്ചു കിടന്നു. ഉള്ളിൽ കത്തുന്ന വിശപ്പ്. വിശപ്പിന്റേയും കുളിരിന്റേയും ആലസ്യത്തിലെപ്പോഴാണ് ഉറങ്ങിപോയതെന്നറിയില്ല. തൊട്ടുമുമ്പിൽ രാത്രി കാലങ്ങളിൽ നടത്തുന്ന തട്ടുകടയിൽ സ്റ്റൗ കത്തുന്നതിന്റെ ശബ്ദം കേട്ടതുകൊണ്ടാണ് അന്ന് ഞെട്ടി ഉണർന്നത്.

കാശി എഴുന്നേറ്റ് തട്ടുകടയുടെ മുന്നിലേക്കു നടന്നു.

ചുറ്റുഭാഗവും കൂടി നിന്ന് ദോശ തിന്നുന്ന രാത്രി ഡ്യൂട്ടിക്കാരായ കമ്പിനി തൊഴിലാളികളുടെ ഇടയിലൂടെ നുഴഞ്ഞു തട്ടുകടക്കാരന്റെ മുന്നിലെത്തി

ഇനിയും ഒന്നും കഴിക്കാതിരുന്നാൽ തലകറങ്ങി വീഴുമെന്ന് തോന്നി കാശിക്ക്.

അവൻ കടകാരനോടു ചോദിച്ചു ഒരു ഗ്ലാസ്സ് വെള്ളം തരോ?

കടക്കാരൻ ദോശ മറിച്ചിടുന്നതിനിടയിൽ ഒരു വലിയ പാത്രത്തിൽ വെള്ളമെടുത്ത് അവന്റെ കൈയിലേക്ക് കൊടുത്തു.

കാശി ആർത്തിയോടെ ആ വലിയ പാത്രത്തിലെ വെള്ളം മുഴുവൻ കുടിച്ചു.

തട്ടുകടക്കാരൻ രണ്ടുദോശയെടുത്ത് പ്ലെയിറ്റിലാക്കി മുന്നിൽ നിൽക്കുന്നയാൾക്ക് കൊടുക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് ആർത്തിയോടെ കാശി പ്ലെയിറ്റിലുള്ള ദോശ കടക്കാരന്റെ കൈയിൽനിന്ന് തട്ടിയെടുത്ത് വായിലേക്കിട്ടു.

കടക്കാരന്റെ മുഖം ഇരുണ്ട് ഇരുണ്ട് വന്നു. രണ്ടു തീപ്പന്തങ്ങൾ പോലെ അയാളുടെ കണ്ണുകൾ കാശിയുടെ മുഖത്തേക്കു നീണ്ടു.

ഹമ്മേ... പച്ചമാംസം കരിയുന്ന മണം ചുറ്റുഭാഗവും. കാശി സ്വന്തം കവിൾതടം തടവി. അന്ന് തട്ടുകടക്കാരന്റെ ചട്ടകം കരിച്ച പാട് ജീവിതാന്ത്യം വരെ കൊണ്ടുനടക്കണ്ടേ താൻ.

കാശി ചോരപുരണ്ട കത്തിയുമായി ബസ്സ് സ്റ്റാന്റിനകത്തുനിന്നും പുറത്തേക്ക് ഓടി പോകുന്ന സ്വന്തം നിഴലിനെ നോക്കി നെടുവീർപ്പിട്ടു.

**രാ**ത്രി സമയം. പുറത്തെ കൃസ്ത്യൻ സെമിത്തേരിയിലെവിടെയോ കുറുക്കൻ ഓളിയിടുന്ന ഭയാനകമായ ശബ്ദം. തണുപ്പ് ഉറുമ്പിനെപോലെ ശരീരത്തിലേക്ക് അരിച്ചു കയറി. അകലെ പാതിരാക്ക് പോകുന്ന തീവണ്ടിയുടെ ശബ്ദം അകന്നകന്നു പോകുന്നതറിഞ്ഞു. കാശി ഇറുകെ കണ്ണടച്ച് പീടിക തിണ്ണയിൽ വിലങ്ങനെ വിരിച്ച ചാക്ക് കഷണത്തിൽ ഉറക്കം വരാതെ കിടന്നു.

പുറത്ത് എന്തോ ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയതാണ്.

ഒരു നിഴൽ അടുത്തടുത്തു വരുന്നു. ഭയംകൊണ്ട് കണ്ണുകൾ ഇറുകെയടച്ചു. ശ്വാസോച്ഛ്വാസം നിലച്ചതുപോലെ തോന്നി അവന്.

ശരീരത്തിലെവിടെയോ നനുത്ത കരസ്പർശം. ഭയത്തോടുകൂടിമെല്ലെ കണ്ണു തുറന്നുനോക്കി. നിലാവിന്റെ വെട്ടത്തിലാണവനെ കണ്ടത്. പകൽ സമയം മീശകാരനെ കത്തികൊണ്ട് കുത്തി ഓടിയ അവനെ.

കാശി മെല്ലെ എഴുന്നേറ്റിരുന്നു. അവനെ പിടിച്ച് തന്റെ കീറചാക്കിലേക്കിരുത്തി. അന്നു തുടങ്ങിയ സ്നേഹബന്ധം മിനിഞ്ഞാന്ന് പോലീസുകാരോടിക്കുന്നതിനിടയിലാണ് നഷ്ടപ്പെട്ടത്. പാവം ഗീവർഗ്ഗീസ്. അവനില്ലാതെ. ഞാനില്ലല്ലോ? ഈ നഗരവുമില്ല. കാശിയുടെ കണ്ണുകളിൽ നീർനിറഞ്ഞു.

പെട്ടെന്ന് അവന്റെ മനസ്സിലേക്ക് ഭയം ഇരച്ചു കയറി.

ഒരു പക്ഷേ അവനെ പോലീസുകാര് പിടിച്ചു കൊണ്ടുപോയി കാണുമോ?

കാശിയുടെ മനസ്സ് വീണ്ടും മിനിഞ്ഞാന്നത്തെ സന്ധ്യയിലേക്ക് പോയി.

വണ്ടിയിൽ നിന്നും പ്ലാറ്റ്ഫോമിലേക്കിറങ്ങിയ സ്ത്രീയേയും മകനേയും നോക്കികൊണ്ട് വെറുതെ പ്ലാറ്റ്ഫോമിലൂടെ നടന്നു. രണ്ടു കനം കൂടിയ പെട്ടികൾ അവർ വണ്ടിയിൽ നിന്നും പ്ലേറ്റ്ഫോമിലേക്കിറക്കുന്നതു കണ്ടുകൊണ്ടാണ് അവരുടെ അടുത്തേക്ക് നടന്നത്. സ്ത്രീ അരക്കൊപ്പമെത്തുന്ന അവരുടെ മുടിയിൽ കുളിച്ച് തുളസിയില ചൂടിയിരുന്നു. അവരുടുത്ത വെള്ളമുണ്ടും വേഷ്ടിയും അവർക്ക് നന്നായി ചേരുന്നുണ്ടെന്ന് തോന്നി. ആകെ കൂടിനോക്കിയാൽ നല്ല തറവാടിത്തം. കാശിയുടെ ഹൃദയത്തിലെവിടെയോ ഒരു തേങ്ങൽ....

ഗീവർഗ്ഗീസ്സ് അതിവേഗത്തിൽ നടന്ന് അവരുടെയടുത്തെത്തി. കൊച്ചമ്മ ഈ പെട്ടികൾ ഞങ്ങൾ പുറത്തേക്കെടുക്കട്ടെ? അവന്റെ സഹജമായ ചിരിയോടെ അവരുടെ അടുത്തേക്ക് നീങ്ങി ഒരു പെട്ടിയെടുത്ത് അവൻ തലയിൽ വെച്ചു. ഭാരംകൂടിയ മറ്റൊരു പെട്ടിയെടുത്ത് അവർ എന്റെ തലയിലും വെച്ചു.

എടുക്കാവുന്നതിൽ കൂടുതൽ ഭാരം പേറി നടക്കുന്ന ഗീവർഗ്ഗീസിനെ നോക്കി പിന്നാലെ നടന്നു. സ്റ്റേഷന്റെ ഗൈറ്റ് കടന്ന് പെട്ടികൾ ഒരു കാറിൽ കയറ്റിവെച്ച ശേഷം ഞങ്ങൾ അവരുടെ മുഖത്തേക്കു നോക്കി നിന്നു.

സംതൃപ്തമായ ഭാവത്തോടെ അവർ അവരുടെ പേഴ്സിൽ നിന്ന് ഒരു പത്തു രൂപനോട്ടെടുത്ത് നീട്ടികൊണ്ടു പറഞ്ഞു. ഇതുവെച്ചോ.... സന്തോഷത്തോടുകൂടി അവനാനോട്ടു വാങ്ങി കീശയിലിട്ടു.കൊണ്ട് അകന്നുപോകുന്ന കാറിനെ നോക്കി നിന്നു.

വാടാ. നമുക്കിന്നൊന്നു കുശാലായി ഉണ്ണണം. ഗീവർഗ്ഗീസ് നേരെ ഹോട്ടലിലേക്കാണ് നടന്നത്.

രാത്രി സമയം. പുറത്തെ ഹാസ്ബറ്റോസ് ഷീറ്റിൽ കഠിനമായ മഞ്ഞുപെയ്യുന്നതിന്റെ ശബ്ദം കേൾക്കുന്നുണ്ട്. കുളിർ ഒരു തേരട്ടയെപോലെ അരിച്ചുകയറി ഉറക്കംവരാതെ കിടക്കുമ്പോഴാണത് കാണുന്നത്. ഒരു പോലീസ് ജീപ്പ് അതിവേഗത്തിൽ ഞങ്ങൾ കിടക്കുന്നതിന്റെ മുന്നിലെവിടെയോ ബ്രേക്ക് ചവുട്ടി ഉരയുന്നതിന്റെ ശബ്ദവും – പൊടിപടലങ്ങളും നിറഞ്ഞ അന്തരീക്ഷത്തിൽ പുറത്തേക്ക് ഇറങ്ങുന്ന പോലീസുകാരുടെ ബൂട്ടിന്റെ ശബ്ദത്തോടൊപ്പം, അങ്ങിങ്ങായ് വരാന്തയിൽ കിടക്കുന്നവർ കരഞ്ഞുകൊണ്ട് എഴുന്നേറ്റോടുന്നതും.

ഞങ്ങൾ കിടക്കുന്നതിനടുത്തെത്തിയ പോലീസുകാർ പീടികതിണ്ണയിൽ നിന്ന് അവനെ പിടിച്ച് വെളിയിലേക്കെറിഞ്ഞു. എവിടെയൊക്കെയോ ചൂരലിന്റെ നീറ്റൽ വൈദ്യുതാഘാതം പോലെ തലച്ചോറിലേക്ക് അരിച്ചുകയറുന്നതറിഞ്ഞു. കണ്ണുതുറന്നപ്പോൾ അവനില്ല. പാവം ഗീവർഗ്ഗീസ്. എവിടെയെങ്കിലും ജീവിച്ചിരുന്നാൽ മതിയായിരുന്നു.

കാശിയുടെ ഹൃദയത്തിനകത്ത്നിന്ന് ഒരു നെടുവീർപ്പ് പുറത്തേക്ക് വന്ന് തൊണ്ടയിലെവിടെയോ തടഞ്ഞു. ■